പൊതുവിദ്യാഭ്യാസവകുപ്പ്
കേരള സർക്കാർ
കൊല്ലം ജില്ലാ പഞ്ചായത്ത്

# ഗവണ്മെന്റ് ഹൈസ്കൂൾ പണയിൽ


**ആലുമ്മൂട് പെരിനാട് കൊല്ലം - 691601**

**ഫോൺ – 04742550950**

ഇമെയിൽ 41109panayil@gmail.com


# സ്വപ്നക്കൂട്

## അക്കാദമിക മാസ്റ്റർപ്ലാൻ 2025-2026

## സമർപ്പണം

## എസ്.ആർ.ജി.
## ഗവണ്മെന്റ് ഹൈസ്കൂൾ പണയിൽ

# മുന്നുര -

2025-2026 അക്കാദമിക വർഷം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. അക്കാദമിക മികവിൽ നമ്മൾ ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ടെന്ന് തിരിച്ചറിയുന്നു.. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒട്ടനവധി പ്രവർത്തനങ്ങൾ മുൻവർഷങ്ങളിൽ നടന്നു വരുന്നുണ്ട്. സംസ്ഥാനതലത്തിൽ ഏറെ ചർച്ച ചെയ്യുകയും പൊതുജന ശ്രദ്ധ ആകർഷിക്കുകയും ചെയ്ത ഒന്നാണ് അക്കാദമിക മാസ്റ്റർപ്ലാൻ. പൊതു സമൂഹം ചർച്ച ചെയ്ത വിഷയങ്ങൾ വരെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. ഒരു വിദ്യാലയത്തിന്റെ സമഗ്രവികസനരേഖയാണ് അവിടത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ.

പണയിൽ ഗവണ്മെന്റ് ഹൈസ്കൂളിൽ പ്രീ-പ്രൈമറി തലം മുതൽ പത്താം തരം വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ട്. കൊല്ലം വിദ്യാഭ്യാസ ജില്ലയിലെ കുണ്ടറ ഉപജില്ലയിൽ ഉൾപ്പെടുന്ന ഗവണ്മെന്റ് വിദ്യാലയമാണിത്. പനയം ഗ്രാമ പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളാണിത്. നൂറ്റി മുപ്പതിൽ പരം കൊല്ലങ്ങളുടെ പഴക്കമുണ്ട് പണയിൽ ഗവണ്മെന്റ് ഹൈസ്കൂളിന്. ഈ നാടിന്റെ സാംസ്കാരിക പുരോഗതിക്ക് അടിത്തറ പാകിയ സരസ്വതീക്ഷേത്രമാണിത്. പണയിൽ ഗവണ്മെന്റ് ഹൈസ്കൂളിന്റെ സർവ്വതോമുഖമായ വികസനത്തെ ലക്ഷ്യം വച്ച് കൊണ്ട് രൂപപ്പെടുത്തിയ അക്കാദമിക മാസ്റ്റർപ്ലാനാണ് സ്വപ്നക്കൂട്. ക്ലാസ്സ് മുറിക്കുള്ളിലും ക്ലാസ്സ് മുറിക്കു പുറത്തും നടക്കുന്ന വിവിധ പഠനപ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ കാലത്തിന്റെ വിദ്യാഭ്യാസ ചിന്തകളെ പരമാവധി പിൻപറ്റിക്കൊണ്ടാണ് ഇവയെല്ലാക്കെ രൂപം നല്കിയിരിക്കുന്നത്.


എൽ.പി., യു.പി., എച്ച്.എസ്. എന്നിങ്ങനെ മൂന്നു തലങ്ങളിൽ നിന്നുകൊണ്ടാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഹ്രസ്വ കാലയളവിൽ തീർക്കാവുന്നതും ദീർഘകാലം കൊണ്ട് പരിസമാപ്തിയിലെത്തുന്നതുമായ നിരവധി പ്രവർത്തനങ്ങൾ സ്വപ്നക്കൂട്ടിൽ ഒതുക്കി വച്ചിട്ടുണ്ട്. പല പ്രവർത്തനങ്ങളും സാർത്ഥകമാകണമെങ്കിൽ സാമ്പത്തികം കണ്ടെത്തേണ്ടതുമുണ്ട്. പി.ടി.എ., എസ്.എം.സി., എം.പി.ടി.എ., സ്കൂൾ വികസനസമിതി തുടങ്ങിയ സമിതികളുടെ സമയോചിതവും കർമ്മോന്മുഖവുമായ ഇടപെടലുകളും പ്രവർത്തനങ്ങളും ഇതിന്റെ സാക്ഷാത്ക്കാരത്തിന് അനിവാര്യമാണ്.

2025-2026 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ മാത്രമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ തുടർച്ച വരും വർഷങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്. പല പ്രവർത്തനങ്ങളും തുടർന്നു കൊണ്ടു പോകേണ്ടതുണ്ട്. പഠനമെന്നത് ഒരു നിരന്തര പ്രവാഹമാണെന്ന സത്യം നമുക്ക് മറക്കാതിരിക്കാം. പനയം ദേശത്തിന്റെ നാളെകളുടെ നല്ല സ്വപ്നങ്ങൾ ഇവിടെ ഈ സ്വപ്നക്കൂടിൽ പൂവിടട്ടെ!

# അടിസ്ഥാന വിവരങ്ങൾ -

| | |
|---|---|
| സ്കൂൾ ഏതു വിഭാഗം | : ഗവണ്മെന്റ് |
| ജില്ലാ പഞ്ചായത്ത് | : കൊല്ലം |
| ബ്ലോക്കിന്റെ പേര് | : ചിറ്റുമല |
| ഗ്രാമ പഞ്ചായത്തിന്റെ പേര് | : പനയം |
| ബി.ആർ.സി. | : കുണ്ടറ |
| ഉപജില്ല | : കുണ്ടറ |
| വിദ്യാഭ്യാസ ജില്ല | : കൊല്ലം |
| ക്ലാസ്സുകൾ | : Std. 1 – 10 & Pre-Primary |
| പഠന മീഡിയം | : മലയാളം & ഇംഗ്ലീഷ് |
| ആകെ കുട്ടികൾ | : 580 |
| ആകെ പെൺകുട്ടികൾ | : 283 |
| ആകെ ആൺകുട്ടികൾ | : 297 |
| ഹെഡ്മിസ്ട്രസ്സിന്റെ പേര് | : അനൂപ് രാജ് ആർ. |
| പി.ടി.എ.പ്രസിഡന്റിന്റെ പേര് | : കനിമോൻ |
| എസ്.എം.സി. പ്രസിഡന്റ് | : രാജേഷ് കുമാർ ജി. |
| എസ്.ആർ.ജി. കൺവീനർ | : ദീജാ റാണി |

# സ്കൂൾ പ്ലാൻ


N
SECOND FLOOR
FIRST FLOOR
GROUND FLOOR
BOYS TOILET
VII C
STAFF ROOM
VII B
BOYS TOILET
V A
V B
VI A
BOYS TOILET
DINING HALL
KITCHEN
VIII A
COUNSELLING ROOM
AUDIO-VISUAL ROOM
IX A
VI B
VIII B
IX B
II A II B
COMPUTER LAB
IX C
IV A
SCIENCE LAB
X C
III A
STAFF ROOM
I A
VII A
G. TOILET
G. TOILET
G. TOILET
FIRST FLOOR
SECOND FLOOR
( NEW – KIIFBI - BUILDING )
X B
X A
( OLD BUILDING )
LIBRARY
OFFICE & H. M.
VIII C
IV B
SCHOOL PLAN
LAY-OUT SKETCH
GOVT. HIGH SCHOOL PANAYIL
ALUMMOODU PANAYAM PERINADU
KOLLAM - 691601
GATE

# കാഴ്ചപ്പാട്

## **സ്വപ്നക്കൂടി**ന്റെ ദർശനം



പനയം ഗ്രാമപ്പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളായ പണയിൽ സ്കൂൾ ഈ നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ അടിത്തറ കെട്ടിപ്പടുക്കുന്നതിൽ നടുനായകത്വം വഹിക്കുന്നതിനാൽ മികച്ച തലമുറകളെ വാർത്തെടുക്കുന്നതിനായി വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും ആത്മീയവുമായ ഉത്തമാംശങ്ങളെ ഉണർത്തിയെടുക്കുന്തിനായി ഭാഷാപരവും ഗണിതപരവും ശാസ്ത്രീയവും സാങ്കേതികവുമായ അടിസ്ഥാനശേഷികൾ ആർജ്ജിക്കുന്ന തരത്തിൽ ചിട്ടയായ പ്രവർത്തനങ്ങൾ നല്കി എല്ലാ വിദ്യാർത്ഥികളെയും ഒരുപോലെ ഉയരങ്ങളിൽ എത്തിക്കുക എന്നതാണ് ഞങ്ങളുടെ ആത്യന്തിക ലക്ഷ്യം.

# വിദ്യാലയം - മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്

- പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടണം അവ നാടിൻറെ നട്ടെല്ലാണ്.
- ഒരു ജനാധിപത്യ സമൂഹത്തിൽ വിദ്യാഭ്യാസത്തിന് പരമപ്രധാനമായ സ്ഥാനമാണുള്ളത്.
- പലവിധത്തിലുള്ള പാഠ്യപദ്ധതികൾ ഉപേക്ഷിച്ച് വിദ്യാലയങ്ങൾ ഒരു കുടക്കീഴിൽ വരണം. ഒരു ഭാഷയും സംസ്കാരവും നിലനിൽക്കുന്ന നാട്ടിൽ ഒരു കരിക്കുലം എന്നതാണ് പണയിൽ ഗവൺമെൻറ് ഹൈസ്കൂൾ ഏറ്റെടുക്കുന്ന കാഴ്ചപ്പാട്.
- സ്വാതന്ത്ര്യവും ജനാധിപത്യബോധവും മതേതര സങ്കല്പവും ഊട്ടിയുറപ്പിച്ച ഒരു വിശ്വ വിദ്യാലയമായി പണയിൽ ഗവൺമെൻറ് ഹൈസ്കൂൾ മാറണം.
- ഇത് ജീവിതം പഠിപ്പിക്കുന്ന വിദ്യാലയം ആയിരിക്കും.
- അറിവിൻറെ ആനന്ദം ഇവിടെ പൂത്തു വിടരും.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രതീക്ഷിക്കുന്ന പ്രധാനപ്പെട്ട

# അക്കാദമിക നേട്ടങ്ങൾ

### 1. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.

1 മുതൽ 12 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക ഒപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിക്കുന്നതിന് ആവശ്യമായ അനുഭവങ്ങൾ ഒരുക്കുക.

ഒന്നു മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്നത് പാഠ്യപദ്ധതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട് അവ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്ന് ഉറപ്പുവരുത്തുക.

എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക, സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

കുട്ടികളുടെ പഠനനില അതാത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠന പിന്തുണ യഥാസമയം നൽകുക അതോടൊപ്പം കോർ വിഷയങ്ങളിലും കുട്ടികൾ മുന്നേറുന്നു എന്ന് ഉറപ്പുവരുത്തുക വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണാത്മക പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിൽ അവ കാര്യക്ഷമമായി നടപ്പാക്കുക.

മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഹിന്ദി ഭാഷ കളിൽ ഉയർന്നശേഷി കൈവരിക്കാൻ ആവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗ സമത്വത്തെക്കുറിച്ചും നല്ല കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

സ്കൂൾ പാർലമെൻറ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

പാരിസ്ഥിതികാവബോധം സാമൂഹികാവബോധം മാലിന്യനിർമാർജന അവബോധം ശാസ്ത്രബോധം വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് ഉൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.

## 2. മൂല്യനിർണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക, പരിഷ്കരിക്കുക.

സംഘപഠനം ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും കൂട്ടായും വ്യക്തിഗതമായും വിലയിരുത്തുന്ന രീതി അവലംബിക്കുക.

മൂല്യനിർണയം എന്നത് കുട്ടികളെ തരംതിരിക്കാനുള്ള ഉപാധി എന്ന നിലയിൽ അല്ല കാണേണ്ടത്. തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക.

നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണയം കുട്ടികളുടെ അതത് സമയങ്ങളിലെ പഠനനില കണ്ടെത്താനും പുനരനുഭവം ഒരുക്കാനും സഹായകമാകും വിധമാണ് ക്രമീകരിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കുക.

## 3. സാങ്കേതികവിദ്യ സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മികച്ച പഠനാനുഭവങ്ങൾ പഠനബോധന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്സ് റൂമിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തുക.

മികച്ച പഠനാനുഭവങ്ങൾ നവ സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തി ഒരുക്കുന്നതിനായി എല്ലാ അധ്യാപകരെയും സജ്ജമാക്കുക.

ആശയ സ്വാംശീകരണം ഗ്രഹണം എന്നിവയ്ക്കായി സാങ്കേതികവിദ്യ സഹായം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു എന്ന് ഉറപ്പാക്കുക.

മികച്ച പഠനാനുഭവങ്ങൾ പഠനബോധന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് റൂമിൽ നടക്കുന്നു എന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തുക.

## 4. ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക

മികച്ച പഠനാനുഭവങ്ങൾ പഠനബോധന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് റൂമിൽ നടക്കുന്നു എന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തുക.
പഠന-ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

പഠന പ്രവർത്തനത്തിനായി സാങ്കേതികവിദ്യ സഹായം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുക.

കുട്ടികളുടെ അക്കാദമിക ഗുണത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം കുട്ടികൾ മോശമായ കാര്യങ്ങളിലേക്ക് വഴിമാറി പോകുന്നില്ല എന്ന് ഉറപ്പാക്കാൻ സഹായകമായ നിലയിൽ മെന്ററിങ് പ്രക്രിയ ശക്തിപ്പെടുത്തുക.

## 6. അധ്യാപക പരിശീലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് എസ് സബ്ജറ്റ് കൗൺസിൽ തുടങ്ങിയവർ കൃത്യമായി ഇടവേളകളിൽ ചേരുക.

ആവശ്യമായ ഘട്ടങ്ങളിൽ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൻറെ നേതൃത്വത്തിൽ സ്കൂളിലെ അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് അക്കാദമിക ചർച്ചകളും സംവാദങ്ങളും ഒരുക്കി സ്വയം സജ്ജമാകലിനുള്ള സ്വയം ശക്തികരണ പ്രവർത്തനങ്ങൾ വികസിപ്പിക്കുക.

അധ്യാപകരുടെ പൊതു പരിശീലനങ്ങളിലും ക്ലസ്റ്റർ പരിശീലനങ്ങളിലും പങ്കാളിത്തം ഉറപ്പാക്കുക.

## 6. വിദ്യാലയ സമിതികളും മറ്റു വകുപ്പുകളും ആയുള്ള സഹകരണവും പിന്തുണയും ശക്തിപ്പെടുത്തുക.

വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

രക്ഷാകർതൃ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ വീടുകൾ സന്ദർശിക്കാൻ ആസൂത്രണം ചെയ്ത് അത് നിർവഹിക്കുക.

# 03/06/2025 മുതൽ 13/06/2025 വരെ

# സ്കൂളിൽ നടക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾ

## സ്കൂളിനെ അറിയാം :-

കുട്ടികൾക്ക് സ്കൂളിനെ അറിയാനും പരസ്പരം അറിയാനും പഠനം ഏറ്റവും സൗഹൃദപൂർണ്ണമാക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ നല്കുന്നു.

## മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ :-

മയക്കുമരുന്ന് /ലഹരി എന്നിവയുടെ ഉപയോഗത്തിനെതിരെ ഉള്ള നിലപാട് കുട്ടികളിൽ രൂപപ്പെടുത്തണം.

## സുരക്ഷിതയാത്ര :-

മയാത്രയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വ്യക്തമായി കുട്ടികളെ ബോധ്യപ്പെടുത്തി, സ്കൂളിലും പുറത്തും സഞ്ചരിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ പകർന്നു നല്കുന്നു.

## ശുചിത്വം സൂക്ഷിക്കാം :-

വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുവാനും ചുറ്റുപാടുകളെ സുന്ദരമാക്കാനും കുട്ടികളെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ നല്കുന്നു.

## പൊതു ആരോഗ്യം :-

നല്ല ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാനുതകുന്ന ആരോഗ്യ പദ്ധതികൾ കുട്ടികളെ ബോധ്യപ്പെടുത്തുന്നു.

## ഡിജിറ്റൽ അച്ചടക്കം :-

നവീനകാലത്തെ സാങ്കേതികവിദ്യയെ എത്രമാത്രം ആരെഗ്യകരമായും ഫലപ്രദമായും ഉപയോഗിക്കാമെന്നും അവിടെ സ്വീകരിക്കേണ്ട അച്ചടക്കം എന്താണെന്ന് ബോധ്യപ്പെടുത്താനും നല്കുന്ന പ്രവർത്തനങ്ങൾ.

## സാമൂഹികപാഠം :-

പൊതുമുതൽ സംരക്ഷണവും അതിന്റെ പ്രാധാന്യവും കുട്ടികളെ ബോധ്യപ്പെടുത്താനുതകുന്ന പ്രവർത്തനങ്ങൾ നല്കുന്നു.

## പരോപകാരവും പരസ്പരസ്നേഹവും :-

പരസ്പരം സ്നേഹത്തോടെ ഒന്നിച്ചു കഴിയേണ്ടതിന്റെ പ്രാധാന്യം പകർന്നു നല്കുന്ന പ്രവർത്തനങ്ങൾ.

# പൊതുവായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

**സ്കൂൾതലത്തിൽ പ്രവർത്തിക്കുന്ന വിവധ സമിതികളും എസ്.ആർ.ജി.യും ചേർന്നു കൊണ്ട് ഈ വർഷം സ്കൂളിന്റെ സമഗ്രവികസനം ലക്ഷ്യം വച്ച് കൊണ്ട് പ്രധാനപ്പെട്ട ചില പ്രവർത്തനങ്ങൾക്ക് രൂപം നല്കിയിട്ടുണ്ട്.**

## (1) ദിനാചരണങ്ങൾ

**2025-2026 അക്കാദമിക വർഷത്തിലെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ് ദിനാചരണങ്ങൾ ആകർഷകവും അർത്ഥവത്തും ആക്കുക എന്നുള്ളത്. മിക്ക ദിനാചരണങ്ങളും പല ക്ലബ്ബുകളുടെയും നേതൃത്വത്തിലാണ് നടക്കുക. അവ കൃത്യമായ പ്ലാനിങ്ങോടെ നടപ്പാക്കണം. അതിന്റെ കലണ്ടർ മുൻകൂട്ടി തയ്യാറാക്കിയിരിക്കണം. വിശിഷ്ട വ്യക്തികളെ ഉൾപ്പെടുത്തുമ്പോൾ സ്കൂളിന്റെ സാസംസ്കാരിക പശ്ചാത്തനത്തിന് ഏറ്റവും ഇണങ്ങുന്നവരായിരിക്കണം. രക്ഷാകർത്താക്കളെക്കൂടി ഉൾപ്പെടുത്താൻ ശ്രമിക്കണം. ആവശ്യമായ പബ്ലിസിറ്റിയും നല്കണം.**

**ദിനാചരണങ്ങളോടൊപ്പം തന്നെ നടക്കേണ്ട വയാണ് പ്രധാനപ്പെട്ട ചില ആഘോഷങ്ങളും. ഓണാഘോഷം, ക്രിസ്തുമസ്-നവവത്സരാഘോഷം, വാർഷികാഘോഷം എന്നിവ കൃത്യമായ പ്ലാനിങ്ങോടെ ആകണം.**

## (2) ഹൗസ് പ്രവർത്തനങ്ങൾ

**സ്കൂളിന്റെ അച്ചടക്കത്തെയും ഉന്നമനത്തെയും ലക്ഷ്യം വച്ച് കൊണ്ട് കഴിഞ്ഞ വർഷം തുടക്കമിട്ടതാണ്. കുട്ടികളുടെ ഹൗസ്പ്രവർത്തനങ്ങൾ. ഈ വർഷവും നല്ല രീതിയിൽ തന്നെ അതു നടക്കണം. കുട്ടികളുടെ തെരഞ്ഞെടുപ്പും യൂണിഫോം വിതരണവും ജൂണിൽ തന്നം പൂർത്തിയാക്കാൻ ശ്രമിക്കണം. ഹൗസ് നിയമാവലി എല്ലാ കുട്ടികളെയും ബോധ്യപ്പെടുത്തണം. മത്സരങ്ങൾ സംഘടിപ്പിക്കുമ്പോൾ അവ ആരോഗ്യകരമായ രീതിയിൽ വേണം നടത്തേണ്ടത്.**
**സ്കൂൾ ഡിസിപ്ലിനിലും സ്കൂൾ ഹരിതവല്ക്കരണത്തിലും ബോധവല്ക്കരണത്തിലും ഹൗസ് ക്യാപ്റ്റന്മാരുടെ പങ്കാളിത്തം ഉറപ്പാക്കണം.**

## (3) പ്രശ്നോത്തരി - സ്കൂൾ പ്രതിഭ

**കുട്ടികളുടെ ബൗദ്ധികതലത്തിന് വളരെ പ്രാധാന്യം കല്പിക്കുന്ന ചില പ്രവർത്തനങ്ങളും വളരെ ശ്രദ്ധയോടെയും ചിട്ടയോടെയും നടത്തേണ്ടതുണ്ട്. പ്രശ്നോത്തരി മത്സരങ്ങൾക്ക് ചിട്ടയായ ഒരു പ്രവർത്തനം ഉണ്ടാകണം. ക്ലബ്ബുകളുടെ സഹായത്തോടെ അവ പ്ലാൻ ചെയ്യണം.**

# പണയിൽ പ്രതിഭ 2025-2026
## (പ്രശ്നോത്തരി മത്സരം)

| ക്രം. നം. | പ്രശ്നോത്തരി | മാസം | ദിവസം | ചുമതല |
|---|---|---|---|---|
| 1 | സാഹിത്യ ക്വിസ്സ് | ജൂലൈ | 3/7/2025 | വിദ്യാരംഗം കലാസാഹിത്യ വേദി |
| 2 | ചരിത്ര ക്വിസ്സ് | ജൂലൈ | 15/7/2025 | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 3 | സയൻസ് ക്വിസ്സ് | ജൂലൈ | 21/7/2025 | സയൻസ് ക്ലബ്ബ് |
| 4 | യുദ്ധവിരുദ്ധ ക്വിസ്സ് | ആഗസ്റ്റ് | 6/8/2025 | സോഷ്യൽ സയൻസ് ക്ലബ്ബ് & സയൻസ് ക്ലബ്ബ് |
| 5 | സ്വാതന്ത്ര്യദിന ക്വിസ്സ് | ആഗസ്റ്റ് | 15/8/2025 | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 6 | സ്പോർട്സ് ക്വിസ്സ് | ആഗസ്റ്റ് | 29/8/2025 | സ്പോർട്സ് ക്ലബ്ബ് |
| 7 | പരിസ്ഥിതി ക്വിസ്സ് | സെപ്തംബർ | 16/9/2025 | സയൻസ് ക്ലബ്ബ് |
| 8 | ടൂറിസം/ഓണം ക്വിസ്സ് | സെപ്തംബർ | 27/9/2025 | വിദ്യാരംഗം കലാസാഹിത്യ വേദി |
| 9 | ഗാന്ധി ക്വിസ്സ് | ഒക്ടോബർ | 2/10/2025 | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 10 | ഐക്യരാഷ്ട്ര ക്വിസ്സ് | ഒക്ടോബർ | 24/10/2025 | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 11 | കേരള ക്വിസ്സ് | നവംബർ | 1/11/2025 | വിദ്യാരംഗം & സോഷ്യൽ സയൻസ് ക്ലബ്ബ് |
| 12 | മീഡിയ ക്വിസ്സ് | നവംബർ | 16/11/2025 | വിദ്യാരംഗം & ലിറ്റിൽ കൈറ്റ്സ് |
| 13 | ഭരണഘടന ക്വിസ്സ് | നവംബർ | 26/11/2025 | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 14 | കമ്പ്യൂട്ടർ ക്വിസ്സ് | ഡിസംബർ | 2/12/2025 | ലിറ്റിൽ കൈറ്റ്സ് |
| 15 | റിപ്പബ്ലിക് ദിന ക്വിസ്സ് | ജനുവരി | 26/1/2026 | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 16 | മാതൃഭാഷാദിന ക്വിസ്സ് | ഫെബ്രുവരി | 21/2/2026 | വിദ്യാരംഗം & ഇംഗ്ലീഷ് ക്ലബ്ബ് |
| 17 | വനിതാദിന ക്വിസ്സ് | മാർച്ച് | 8/3/2026 | സോഷ്യൽ സയൻസ് ക്ലബ്ബ് & വിദ്യാരംഗം |

എല്ലാ മത്സരങ്ങളും ക്ലാസ്സ് തലത്തിൽ പ്രാഥമിക മത്സരം നടത്തണം. നിശ്ചിത തീയതിക്കു മുമ്പു തന്നെ ക്ലാസ്സ് തല മത്സരം നടത്തണം. ഉയർന്ന സ്കോർ നേടുന്ന മൂന്നു കുട്ടികളെ സ്കൂൾ തല മത്സരത്തിൽ പങ്കെടുപ്പിക്കണം.
LP, UP, HS എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി മത്സരങ്ങൾ സംഘടിപ്പിക്കണം.
വിജയികൾക്ക് (ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക്) തൊട്ടടുത്ത ദിവസം അസംബ്ലിയിൽ വച്ച് സമ്മാനങ്ങൾ നല്കണം. എല്ലാ ക്വിസ്സ് മത്സരങ്ങൾക്കും സമ്മാനം ഒരേ രീതിയിൽ തന്നെയാകട്ടെ.
(SRG മേൽനോട്ടം നല്കണം - സ്റ്റാഫ് ഫണ്ട്/സബ്ജക്ട് കൗൺസിൽ ഫണ്ട്)

## (4) സ്കോളർഷിപ്പ് കോർണർ

**വിവിധ സ്കോളർഷിപ്പുകൾ കരസ്ഥമാക്കാൻ കഴിയുന്ന കുട്ടികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം. കൃത്യമായ ഒരു പ്രവർത്തന പദ്ധതി അതിനുണ്ടാകണം. മൊഡ്യൂളുകളും പ്രത്യേകം തയ്യാറാക്കിയ നോട്ടുകളും ഗൈഡുകളും അതിനായി ഉപയോഗിക്കാവുന്നതാണ്. അവധി ദിവസങ്ങളും അധികസമയങ്ങളും അതിനായി കണ്ടെത്തണം.**

## (5) സ്കൂൾ സുരക്ഷ

**സ്കൂൾ സുരക്ഷയ്ക്ക് പ്രാധാന്യം നല്കിക്കൊണ്ട് സ്കൂൾ സേഫ്റ്റി ക്ലബ്ബ് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ വർഷം മുതൽ കൂടുതൽ വിപുലീകരിച്ച ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. സ്കൂളിനു പുറത്തുള്ള വിവിധ സ്ഥാപനങ്ങളെയും സംഘടനകലെയും സന്നദ്ധപ്രവർത്തകരെയും സ്കൂൾ സുരക്ഷാ സമിതിയിൽ ഉൾക്കൊള്ളിക്കുന്നു. സ്കൂളിനു ഭീഷണിയുണ്ടാക്കാവുന്ന എല്ലാ അംശങ്ങളും കണ്ടെത്തി അവയ്ക്ക് അടിയന്തിര പരിഹാരങ്ങൾ കാണണം.**
**സമിതി കൃത്യമായ ഇടവേളകളിൽ കൂടുകയും പരിശോധനകൾ നടത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും വേണം. പോലീസിന്റെയും എക്സൈസിന്റെയും ഇലക്ട്രിസിറ്റിയുടെയും ആരോഗ്യവകുപ്പിന്റെയും സഹായങ്ങൾ ഉറപ്പുവരുത്തണം. കുട്ടികളോടൊപ്പം രക്ഷാകർത്താക്കൾക്കും ആവശ്യമായ ബോധവല്കരണം നടത്തുന്നു.**

## (5) ഗ്രീൻ-സ്കൂൾ ക്ലീൻ-സ്കൂൾ

**സ്കൂൾ ഡിസിപ്ലിന്റെയും സുരക്ഷയുടെയും ഭാഗമായിത്തന്നെ പ്രവർത്തിക്കേണ്ടതാണ് ഹെൽത്ത് ക്ലബ്ബ്. സ്കൂൾ തല സമിതികളുടെ സേവനവും ശ്രദ്ധയും സ്കൂൾ വൃത്തിയുടെയും ശുചിത്വത്തിന്റെയും കാര്യത്തിൽ നല്കുന്നു. വ്യക്തിയുടെ ആരോഗ്യവും സ്ഥാപനത്തിന്റെ വൃത്തിയും തമ്മിൽ ഏറെ ബന്ധമുള്ളതിനാൽ രണ്ടിനും തുല്യപ്രാധാന്യം നല്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനവും ആരോഗ്യ വകുപ്പിന്റെയും ക 8 ഷി വകുപ്പിന്റെയും പ്രവർത്തനങ്ങളും സഹായവും ലഭ്യമാക്കുകയും ചെയ്യുന്നു.**

**വൃത്തിയും വെടിപ്പുമുള്ള ക്യാമ്പസ്സായിരിക്കണം സ്കൂളിന്റേത്.**

# അക്കാദമിക മാസ്റ്റർ പ്ലാൻ
## എൽ.പി.വിഭാഗം

വിദ്യാഭ്യാസപ്രക്രിയയിൽ ഏറ്റവും പ്രാധാന്യത്തോടെ കാണേണ്ടതാണ് പ്രാഥമികവിദ്യാഭ്യാസം. ഭാവിയിലേക്കുള്ള അടിസ്ഥാനശില പാകപ്പെടുന്ന ഇടമാണത്. തികച്ചും ശാസ്ത്രീയവും മനശ്ശാസ്ത്രപരവുമായ പ്രവർത്തനങ്ങളിലൂടെയാണ് പഠനം നടക്കുന്നത്. അതിനനുസരിച്ച് തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി, എല്ലാ വിഷയങ്ങളും ചേർത്തു കൊണ്ടാണ് എൽ.പി. വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഓരോ ക്ലാസ്സിലെയും പ്രവർത്തനങ്ങൾ അതാത് ക്ലാസ്സിലെ അദ്ധ്യാപികമാർ തന്നെയാണ് നിർവഹിക്കുന്നത്.

## സ്റ്റാൻേൻഡേർഡ് -I

## മേഖല – മലയാളം (LP)

### ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്നീ വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025-2026 അദ്ധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നല്കി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## പ്രധാന ലക്ഷ്യങ്ങൾ -

ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക. എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ എഴുതുന്നതിനുള്ള കഴിവ് നേടുക.

ലഘുവാക്യങ്ങൾ നിർമ്മിക്കുന്നു. പല തരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു. ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു; വായിക്കുന്നു. പത്രം തയ്യാറാക്കുന്നു. സ്വന്തമായി ഡയറി എഴുതുന്നു.

## പ്രധാന പ്രവർത്തനങ്ങൾ -

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷാകളരി<br>പാട്ടും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നു.<br>2) അമ്മ പറയട്ടെ<br>അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു.<br>3) ചിത്രവായന<br>കുട്ടികളിലൂടെ ചിത്രവായന നടത്തുന്നു.<br>4) നിറക്കൂട്ട്<br>കുട്ടികൾക്ക് നിറങ്ങൾ നല്കാൻ അവസരം നല്കുന്നു. | ജൂൺ - ജൂലൈ | എച്ച്. എം.<br>ക്ലാസ്സ് ടീച്ചർ<br>എസ്. ആർ. ജി.<br>എസ്.എം.സി.<br><br>സ്കൂൾ വികസന സമിതി |
| അടിസ്ഥാന ഭാഷാശേഷി വികസനം | അക്ഷരപ്പാട്ടുകൾ നല്കി അവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ. ആവർത്തിച്ച് വരുന്ന പദങ്ങൾ കണ്ടെത്തൽ കണ്ടെത്തൽ. | ഒക്ടോബർ - ഡിസംബർ | എച്ച് എം<br>ക്ലാസ്സ് ടീച്ചർ |
| | | ജനവരി - | എസ്.ആർ.ജി. |

| | | | |
|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | മാതൃകകൾ നല്കി വരികൾ കൂട്ടിച്ചേർക്കൽ. ചിത്രം നോക്കി എഴുതാൻ ശ്രമിക്കുന്നു. സ്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കൽ. | മാർച്ച് | മാതൃ പി.ടി.എ. |

## പദ്ധതി നിർവ്വണവും വിലയിരുത്തലും -

മലയാളം ഭാഷാപഠനത്തോടൊപ്പം നടക്കുന്ന ഈ പ്രവർത്തനങ്ങളെ സമയബന്ധിതമായി കൊണ്ടു പോകേണ്ടതുണ്ട്. മലയാളം സബ്ജക്ട് കൗൺസിലിനാണ് പദ്ധതി നിർവഹണത്തിന്റെ നേരിട്ടുള്ള ചുമതല. ലോവർ പ്രൈമറി തലമായതിനാൽ മറ്റു അദ്ധ്യാപകരുടെ കൂടി സഹായമുണ്ടെങ്കിലേ ഇവ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മാസം തോറും കൃത്യമായ വിലയിരുത്തലും ആവശ്യമാണ്.

## സ്റ്റാൻഡേർഡ് -I

## മേഖല – ഇംഗ്ലീഷ് (LP)

**Aim : To speak, read and write English without any mistakes.**

| AIM | ACTIVITY | TIME | Authority |
|---|---|---|---|
| Describes orally about pictures and objects using objectives (colour, size, shape etc.) | Gives picture cards<br>Simple words – introducing. | June – August | Class Teacher<br>SRG<br>Class PTA |
| Responds to simple instructions in the class room. | Says familiar words<br>writing familiar words<br>Reading familiar words | September – October | |
| Enjoys songs and sings | Enjoy songs and sings them | November | |

| | | | |
|---|---|---|---|
| them with Rhythm and action.<br><br>Read simple sentence<br>Add more lines to the song and picture description. | with rhythm and action.<br>Describes orally about pictures and objects.<br><br>Provide picture card and reading cards.<br>Introduces simple picture description.<br>Word web. | -<br>December<br><br>January - March | lass Teacher<br>Class PTA |

# സ്റ്റാന്റേർഡ് -I

## മേഖല – പരിസ്ഥിതി (LP)

### ആമുഖം

പരിസരപഠനം - ലക്ഷ്യങ്ങൾ

പ്രകൃതിയെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.

പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.

നിറം, രുചി, ആകൃതി മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.

പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

### പ്രധാന പ്രവർത്തനങ്ങൾ -

| ലക്ഷ്യം | ലക്ഷ്യം | ലക്ഷ്യം | ലക്ഷ്യം |
|---|---|---|---|

| | | | |
|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നു. | ഭക്ഷ്യമേള നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ – സെപ്റ്റംബർ | എച്ച്. എം. ക്ലാസ്സ് ടീച്ചർ എസ്. ആർ. ജി. |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | പുഷ്പോദ്യാനം, ഔഷധത്തോട്ടം ചുറ്റുവട്ടത്ത് | ഒക്ടോബർ – മാർച്ച് | ക്ലാസ്സ് ടീച്ചർ എസ്. ആർ. ജി. CPTA |

# സ്റ്റാന്റേർഡ് -I

## മേഖല – ഗണിതം (LP)

### ആമുഖം

- സംഖ്യാബോധനം ഉറപ്പിക്കൽ
- ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന-ത്രിമാന രൂപങ്ങൾ തിരിച്ചറിയുന്നു, തരംതിരിക്കുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റസംഖ്യ, ഇരട്ട സംഖ്യ,വലുത്, ചെറുത് എന്നീ ധാരണകൾ ഉറപ്പിക്കൽ.
- ജീവിത ചുറ്റുപാടുകളിൽ നിന്ന് അറിവുകൾ ശേഖരിക്കൽ.

### പ്രധാന പ്രവർത്തനങ്ങൾ -

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി | ഗണിത കേളികൾ, മഞ്ചാടി സഞ്ചി | ജൂൺ – സെപ്റ്റംബർ | എച്ച്. എം. ക്ലാസ്സ് ടീച്ചർ എസ്. ആർ. |

| | | | |
|---|---|---|---|
| ഗണിതം ലളിതമാക്കൽ. | പങ്കാളിത്തം ഉറപ്പാക്കുന്നു. | | ജി. |
| ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കൽ. | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. | സെപ്തംബര് | ക്ലാസ്സ് ടീച്ചർ എസ്. ആർ. ജി. CPTA |
| പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഒരേ എണ്ണം വരുന്നവയ്ക്ക് ഒരേ നിറം കൊടുക്കുന്നു. | ഓഗസ്റ്റ് - ഒക്ടോബർ | |
| സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാ വ്യാഖ്യാനം, തുടങ്ങിയ പഠനനേട്ടങ്ങൾ കൈവരിക്കൽ. | കുട്ടി എഴുതി സംഖ്യാമാല പൂർത്തിയാക്കുന്നു. | ജനുവരി - മാർച്ച് | ക്ലാസ്സ് ടീച്ചർ എസ്. ആർ. ജി. CPTA |
| വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു. | വലിയ കൂട്ടത്തിലെ എണ്ണം, ചെറിയ കൂട്ടത്തിലെ എണ്ണം.<br>ഗണിതകളികളിൽ ഏർപ്പെടുന്നു | ജനുവരി - മാർച്ച് | |

# <u>സ്റ്റാന്റേർഡ് -II</u>

## മേഖല – മലയാളം (LP)

### ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം വൈജ്ഞാനിക മേഖല സർഗാത്മക മേഖല വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ

ശേഷി പരിഗണിച്ചാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. എല്ലാ വിഷയത്തിലും നൈപുണ്യം നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻറെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ഇതിന്റെ ലക്ഷ്യം._

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകൾ ഇല്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു.

## മുന്നൊരുക്കം

പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു. കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ സി.പി.ടി.എ. നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു.

## ജൂൺ

ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ.

വായനാ സാമഗ്രികൾ നിർമിക്കൽ.

## ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

## ആഗസ്റ്റ്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.

വീട്ടു ലൈബ്രറി ഒരുക്കൽ.

ചിത്രവിവരണം.

വായന തലത്തിൽ എത്തിച്ച വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ.

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.

വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ.

വായിച്ച കഥാരംഗങ്ങൾക്ക് രംഗ ആവിഷ്കാരം ചെയ്യൽ.

## ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചകമായി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ.

വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ:- ആന - വലിയ ആന - കറുത്ത വലിയ ആന

**നവംബർ**

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

## സ്റ്റാന്റേർഡ് -II

## മേഖല – ഇംഗ്ലീഷ് (LP)

## AIM

To speak, Read and write English without any mistakes.

## TIME

June, July, and August.

## JUNE

**Pre-test**
**To develop listening skills & reading skills**

**Listening skills**
Game, Action songs, Hello English Activities.

**Speaking Skills**
Descriptions, growing sentences, picture reading, picture description,
self introduction, Assembly activities speech, Book review,
Quiz riddles, School Radio etc.

## JULY & AUGUST

**Reading Skills**
News paper reading, Library Books Reading, Book Review, Reading Breaking-news, Find Words, Collect and Read Past Tense, Rhyming words, Describing words, etc.

Text Book Activities.

**Writing Skills**
Make word web, Picture Description, Word Chain, Sentence Chain, Make Words, and Sentences, Make riddles, Conversations, Add More Line, Develop Story, Description, Notice, Proclamation Dairy Letter Announcement, Magazines.

# സ്റ്റാൻഡേർഡ് -II

## മേഖല – ഗണിതം (LP)

### ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടികൾ കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ടാണ് ഉല്ലാസ ഗണിതം പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ടുതന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും താത്ഫലമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ടുവയ്ക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിയ്ക്ക് 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സംഘലനം, വ്യവകലനം, പ്രശ്നാപഗ്രഹം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു.

വ്യത്യസ്തരീതിയിൽ പ്രയോഗപ്പെടുത്തൽ.

**മുന്നൊരുക്കം**

**ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.**

**പ്രവർത്തന ലക്ഷ്യം**

**പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.**

## ജൂൺ

**1, 2, 3, 4,........**
**1, 3, 5, 7,.........**
**10, 20, 30, 40,........**
**5, 10, 15, 20,........**
**2, 4, 6, 8,.......**

**തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.**
**ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും കുറച്ചാൽ തൊട്ട മുൻപുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.**

## ജൂലൈ

**ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.**

**ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.**

**പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് ണ്ട് അക്ക സംഖ്യകൾ രൂപീകരിക്കൽ**

**(5 + 5 = 10, 10 + 10 = 20)**

## ആഗസ്റ്റ്

**വിവിധ പാറ്റേൺ രൂപീകരിക്കൽ.**

**സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.**

**99 നോട് 1 കൂട്ടിയാൽ 100**

**10 പത്തുകൾ ചേർന്നാൽ 100 ആകും.**

**100 ഒന്നുകൾ ചേർന്നാൽ 100.**

**ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താൻ കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.**

## സെപ്റ്റംബർ

**ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.**
**വിലവിവര പട്ടിക തയ്യാറാക്കൽ.**

## ഒക്ടോബർ

**രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.**
**സങ്കലന-വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.**
**സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ.**
**(പാറ്റേണിയിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ)**
**5.....10.....15.....20.....25 (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)**

## നവംബർ

**സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)**
**പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.**
**നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ.**
**കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.**
**10 രൂപ + 5 രൂപ = 15 രൂപ**
**നോട്ട്, നാണയം**

## ഡിസംബർ

**സംഖ്യാബോധം തിരിച്ചറിയൽ.**
**സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.**
**സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ.**

## ജനുവരി

**വില വിവരപ്പട്ടിക തയ്യാറാക്കൽ.**

**വിവരങ്ങൾ ക്രോഡീകരിച്ച പട്ടികപ്പെടുത്തൽ.**

**പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ.**

**പ്രശ്നം നിർമ്മാണം ചെയ്ത തുക കണ്ടെത്തിയ രീതികൾ.**

## ഫെബ്രുവരി

**ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതലാപനം നടത്തൽ.**

**ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.**

## മാർച്ച്

**കലണ്ടർ പതിപ്പ് തയ്യാറാക്കൽ.**

**കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ.**

**മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസങ്ങൾ കണ്ടെത്തൽ.**

**കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.**

**ഗണിത ആശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.**

# സ്റ്റാന്റേർഡ് -III

## മേഖല – മലയാളം (LP)

### ലക്ഷ്യം

**ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതാനും പഠിപ്പിക്കൽ.**

**ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.**

### ജൂൺ

**പ്രീ ടെസ്റ്റ് നടത്തുന്നു .**

**അവലോകനം നടത്തൽ.**

**വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു.**

**CPTA മീറ്റിംഗ് നടത്തുന്നു.**

## ജൂലൈ

**ചിത്രം / വീഡിയോ കാണിക്കുന്നു.**

**വീഡിയോയിൽ കണ്ട കാര്യങ്ങൾ പറയിക്കുന്നു.**

**ഓരോ നിൻറെ പേരുകൾ പറയുന്നു.**

**പദസൂര്യൻ തയ്യാറാക്കൽ.**

**മറ്റു പദങ്ങൾ കണ്ടെത്തി എഴുതുന്നു.**

## ആഗസ്റ്റ്

**കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള അവസരം നൽകുന്നു.**

**ഐസിടി ഉപയോഗപ്പെടുത്തൽ.**

**കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ എഴുതുന്നു, പറയുന്നു.**

**വാക്യങ്ങൾ നിർമ്മിക്കുന്നു.**

## സെപ്റ്റംബർ

**കഥ അവതരിപ്പിക്കുന്നു.**

**ചോദ്യങ്ങൾ / ഉത്തരങ്ങൾ കണ്ടെത്തുന്നു.**

**കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു, പേരെഴുതുന്നു.**

## ഒക്ടോബർ

**വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ.**

**ചിത്രം നോക്കി പേരെഴുതൽ.**

**മല - വലിയമല - മരങ്ങൾ ഉള്ള വലിയ മല ...**

**ഇതുപോലുള്ള മറ്റു വാക്യങ്ങൾ സ്വയം കണ്ടെത്തൽ, എഴുതൽ.**

## നവംബർ

**ചിഹ്നങ്ങൾ ഉറപ്പിക്കൽ.**

**(ഐസിടി) ചിത്രം കാണിക്കുന്നു.**

**വാക്യങ്ങൾ എഴുതൽ.**

**പരിചിതമായ വാക്യങ്ങൾ ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ.**

**ഉചിതമായ ചിഹ്നങ്ങൾ ചേർക്കാൻ അവസരം നൽകുന്നു.**

## ഡിസംബർ

**ലളിതമായ വായന കാർഡുകൾ നല്കുന്നു.**

**അധ്യാപികയുടെ സഹായത്തോടെ വായിക്കൽ.**

**സ്വയം വായിക്കാനുള്ള അവസരം നൽകൽ.**

## ജനുവരി

**അധ്യാപിക തയ്യാറാക്കിയ കഥ ചാർട്ടിൽ അവതരിപ്പിക്കുന്നു.**

**കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു.**

**കഥയിലെ കഥാപാത്രങ്ങളെ പറയിക്കുന്നു.**

**ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.**

## ഫെബ്രുവരി

**കഥാചിത്രങ്ങൾ (ഡിജിറ്റൽ സാധ്യത ഉപയോഗിച്ച്) കാണിക്കുന്നു.**

**ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു.**

**കഥാപാതിപ്പ് തയ്യാറാക്കുന്നു.**

## മാർച്ച്

**സി പി ടി എ സംഘടിപ്പിക്കുന്നു.**

**വായനയിലും എഴുത്തിലും കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.**

**മികവുകൾ പരിചയപ്പെടുത്തുന്നു, അവതരിപ്പിക്കുന്നു.**

# സ്റ്റാൻേേർഡ് -III

# മേഖല – ഇംഗ്ലീഷ് (LP)

## AIM

**To speak, Read and Write English.**

## JUNE and JULY

**To develop listening skills & reading skills.**

**Listening skills**
Games, Action songs, Conversations, Skit, Stories use ICT.
Hello English Activities.

**Speaking Skills**
Identify the naming words from the picture.
Identify the action words from the picture.
Make simple sentences
Make description, Picture Reading, Self Introduction.

## AUGUST and SEPTEMBER

**Reading skills**
1. Library book Reading.
2. Find words.
3. Rhyming words.
4. Describing words.
5. Text Book Activities.

**Writing skills**
1. Make word web.
2. Picture Description with Describing words.
3. Make words and sentences.
4. Add more lines.
5. Make Riddles, Conversation.

## OCTOBER and NOVEMBER

**Reading skills**
Newspaper Reading, Library Book Reading
Conversation, Skit, Stories use ICT materials.
Develop stories.

**Writing skills**
Descriptions
Thought

## DECEMBER and JANUARY

Develop the creative speaking and Writing.

To express thoughts, feelings etc.

**Reading skills**
Newspaper Reading, Library Book Reading.
Develop stories.
Read Diaries Conversation, Skit etc.

**Writing skills**
Diary, Letter, etc.

## FEBRUARY and MARCH

**Reading skills**
Newspaper Reading, Library Book Reading.
Conversation, Skit Stories use ICT materials.
Develop stories.
Read Diaries
Read letters from Friends.

**Writing skills**
Diary
Letter
Descriptions Thought

# സ്റ്റാൻ്റേർഡ് -III

# മേഖല – പരിസരപഠനം (LP)

### ലക്ഷ്യം

പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

കുട്ടികളെ വ്യക്തി ശുചിത്വവും പരിസരസൂചിത്വവും ഉള്ളവരാക്കി മാറ്റുക.

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക.

## ജൂൺ - ജൂലൈ

പ്രീ-ടെസ്റ്റ്
അവലോകനം
പ്രകൃതി നടത്തം

ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം.

പ്രത്യേകതകൾ മനസ്സിലാക്കൽ.

വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.

ജീവികളുടെ പരസ്പരാശ്രയം-ചർച്ച

പരിസ്ഥിതി ദിനം.

വൃക്ഷത്തൈ നടൽ, നട്ട വൃക്ഷത്തൈ പരിപാലിക്കൽ.

പരിസര മലിനീകരണം-ചർച്ച
പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

## ജൂലൈ - സെപ്റ്റംബർ

ക്ലാസ്സ് തലത്തിൽ ശുചിത്വ മത്സരം.

വ്യക്തിസുചിത്വം, ക്ലാസ് റൂം-പരിസര ശുചിത്വം അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു.

നല്ല ശീലം - പോസ്റ്ററുകൾ തയ്യാറാക്കുന്നു, പരിസരങ്ങളിൽ പതിക്കുന്നു.

പ്രഭാതകൃത്യങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം.
ക്ലാസ് റൂം ചർച്ച

## ഒക്ടോബർ - ഡിസംബർ

നമ്മുടെ നാടിനെ അടുത്തറിയൽ (ഫീൽഡ് ട്രിപ്പ്)

പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കുന്നു, പതിപ്പിക്കുന്നു.

## ജനുവരി - മാർച്ച്

ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.

പക്ഷേ നിരീക്ഷണത്തിന് അവസരം നൽകുന്നു.

പച്ചക്കറിത്തോട്ടത്തിൽ കിളികൾക്ക് ദാഹജലം ക്രമീകരിക്കുന്നു (വീടുകളിലും)

# സ്റ്റാന്റേർഡ് -III

# മേഖല – ഗണിതം (LP)

## ലക്ഷ്യം

മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.

ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവും ആക്കി, മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.

സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്കുക.

മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നങ്ങൾ-പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക.

## ജൂൺ

ഗണിത വിജയം കളികൾ.

സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.

കിട്ടിയ സംഖ്യ വായിക്കണം, മറ്റുള്ളവർ സംഖ്യ വായിക്കുന്നു.

ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കുന്നു, പ്രദർശിപ്പിക്കുന്നു.

തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം.

ജാമിതീയ സൗന്ദര്യം തിരിച്ചറിയാം.

## ജൂലൈ

ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു.

അതിനടുത്തുള്ള സംഖ്യകൾ എഴുതുന്നു.

ഇവയെ കളിനോട്ട് ഉപയോഗിച്ച് 1, 10, 100 - ന്റെ കൂട്ടങ്ങൾ ആക്കി മാറ്റുന്നു.

ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ എഴുതാം (ബ്ലാക്ക് ബോർഡ്)

ഗ്രൂപ്പിൽ ബ്ലാക്ക് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു.

## ആഗസ്റ്റ്

സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.

അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു.

100 വീതം കൂട്ടി 1000 വരെ പറയുന്നു.

## സെപ്റ്റംബർ

സംഖ്യ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു.

അവ തമ്മിലുള്ള സങ്കലനം വ്യവകലനം എന്നിവ കണ്ടെത്തുന്നു.

ക്രിയ ചെയ്യുന്നു.

## ഒക്ടോബർ

ഗണിത വിജയം കളികൾ തുടർച്ച.

അധ്യാപിക ബ്ലാക്ക് ബോർഡിൽ സംഖ്യ എഴുതുന്നു.

വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് നൽകൽ.

ക്രിയ ചെയ്ത് ആരുടെ ഉത്തരമാണ് ബീബിയിൽ ഉള്ളതെന്ന് കണ്ടെത്തുന്നു.

## നവംബർ

വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാറ്റിൽ പ്രദർശിപ്പിക്കുന്നു.

കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.

കിട്ടിയ സംഖ്യ ചാർട്ടിൽ ക്രിയ നോക്കി ഉത്തരം കണ്ടെത്തി ഒട്ടിക്കുന്നു.

## ഡിസംബർ

വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത ഒരുക്കൽ.

ഗണിതാശയ രൂപീകരണം നടത്തൽ.

അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത മൂന്നക്ക സംഖ്യകൾ ഉണ്ടാക്കൽ.

ഗണിതകേളികളിൽ ഏർപ്പെടുന്നു.

## ജനുവരി

കച്ചവട കണക്ക് (ക്ലാസ്സിൽ)

കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ etc ഇവ വില നൽകി കട ക്രമീകരിക്കുന്നു.

കളിനോട്ട് ഉപയോഗിച്ച് കച്ചവടക്കളി നടത്തുന്നു.

സാധനം വാങ്ങുകയും പണം കൈകാര്യം ചെയ്യുകയും ചെയ്യുന്നു.

പ്രയാസങ്ങൾ അധ്യാപികയുടെ സഹായത്തോടെ പരിഹരിക്കുന്നു.

## ഫെബ്രുവരി

പ്രായോഗിക പ്രശ്നപരിഹരണം നടത്തുന്നു.

ത്രാസ്, അളവ്-പാത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം.

## മാർച്ച്

ഗണിത വിജയപ്രവർത്തനങ്ങൾ ഉറപ്പുവരുത്തൽ.
സി പി ടി എ
മികവുകൾ പരിചയപ്പെടുത്തുന്നു, അവതരിപ്പിക്കുന്നു.

# സ്റ്റാന്റേർഡ് -IV

## മേഖല – മലയാളം (LP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരിക്കൽ. | ലക്ഷ്യം നേടുന്നത് വരെ | ഭാഷാധ്യാപിക |
| വായിക്കാം വളരാം വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം ക്ലാസ്സ് ലൈബ്രറി ഒരുക്കൽ. പുസ്തക പരിചയം. വായനക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>ആനുകാലിക വായന<br>തെരഞ്ഞെടുത്ത വായന | വർഷം മുഴുവൻ | അധ്യാപിക<br>CPTA |
| എഴുതാം തെളിയാം എഴുത്തു പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും ലേഖനവുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തുന്നു.<br>തെറ്റില്ലാതെ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | വർഷം മുഴുവൻ | അധ്യാപിക |
| കണ്ടറിയാം - കേട്ടറിയാം അറിവ് | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | അധ്യാപിക |

| | | | |
|---|---|---|---|
| ഡോക്കുമെന്ററിയിലൂടെ നേടൽ (ഐസിടി) | | | |
| ഓർക്കാം - അഭിമാനിക്കാം സാഹിത്യകാരന്മാരുടെ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ ഡോക്യുമെൻററി പ്രദർശനം പുസ്തക പരിചയം ക്വിസ് രചന പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | എസ് ആർ ജി അധ്യാപിക CPTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലകൾ നേരിട്ട് അറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാ അവതരണം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG അധ്യാപിക CPTA |
| സർഗോത്സവം ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം മികവുകളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG അധ്യാപിക CPTA |

## <u>സ്റ്റാന്റേർഡ് -IV</u>

## മേഖല – ഗണിതം (LP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠന രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ. ഏണിയും പാമ്പും കളി, ഡയസ് കളി സങ്കലനം, വ്യവകലനം സഹായക | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | മാകുന്ന കളികൾ. | | |
| ഒറിഗാമിയിലൂടെ പഠിക്കാം. ഗണിതശാസ്ത്ര പഠനം രസകരമാക്കൽ. കര ചലന ശേഷി വികാസം. | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. | ഉചിതമായ സമയത്ത് | ക്ലാസ് ടീച്ചർ |
| ഗണിത ലാബ് ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ. | ഗണിത ലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | SRD ടീച്ചർ |
| ഗണിത ചുമർ ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | പഠനത്തിന് ഗണിത ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ. | ആവശ്യാനു സരണം | ടീച്ചർ |
| ഗണിത പഠനോപകരണ ശില്പശാല | പാഠ ഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനു സരണം | SRD ടീച്ചർ |
| ഗണിതമേള, ഗണിത ശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | വർഷത്തി ലൊരിക്ക ൽ | SRD ടീച്ചർ |

## <u>സ്റ്റാൻേന്റർഡ് -IV</u>

## മേഖല – പരിസരപഠനം (LP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| <u>പ്രകൃതി നടത്തം</u> നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനു സരണം | HM, CPTA |
| <u>ശാസ്ത്രമൂല</u> ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM, SRG ക്ലാസ് |

| | | | |
|---|---|---|---|
| | | | ടീച്ചർ |
| **ഭൂപടം ഒരുക്കാം**<br>കേരളം<br>ഇന്ത്യ<br>ഭൂപട വായന | ഭൂപട വായന<br>ഭൂപട രചന | വർഷത്തിൽ ഒന്ന് | SRG<br>ക്ലാസ്<br>ടീച്ചർ |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വാർത്തകൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | SRG<br>ക്ലാസ്<br>ടീച്ചർ |
| **ശാസ്ത്രോത്സവം**<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ് ചാർട്ട് പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM,<br>SRG<br>ക്ലാസ്<br>ടീച്ചർ |

# സ്റ്റാൻഡേർഡ് -IV

# മേഖല – ഇംഗ്ലീഷ് (LP)

## AIM

To speak Read and Write English without any mistakes.

## Time

June to March

To check the vocabulary and writing skills of pupils.

## Activities

June - July

Pre test.

To develop listening stills and reading skills.

## Listening Skill

Games, Action songs
Hello English Activities
Conversations
Skit Stories
Use ICT

## Speaking skills

Identify the naming words from the Picture.
Identify the action words from the picture.
Make the Simple Sentences using the word about picture.
Make simple description about the picture.
Growing sentences, picture reading, self-introductions

### August – September

Develop the creative speaking and writing.

## Reading Skills

Book Reading
Find words
Rhyming words
TB activities

## Writing Skills

Make word web
Picture description
Word chain
Make words & Sentences
Make Riddles, Conversations
Add more lines

### October and November

To express thoughts, feelings etc.

## Reading skills

Library book reading
Conversations, Stories, use ICT
Read Stories

Develop stories

## Writing skills

Description
Thoughts

## December and January

Develop the creative speaking and writing.

## Reading skills

Library book reading
Conversations skit Stories use ICT

## Writing Skills

Dairy, Announcement

## February and March

To improve the presentation Power

## Reading skills

Library book reading

## Writing Skills

Dairy Descriptions

# അക്കാദമിക മാസ്റ്റർ പ്ലാൻ
## യു.പി.വിഭാഗം

കുട്ടികളുടെയും അദ്ധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്സ് മുറിയും മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയും. അപ്പർ പ്രൈമറി തലത്തിലെ കുട്ടികൾ ലോവർ പ്രൈമറിയിൽ നാലു കൊല്ലം പഠിച്ചിട്ട് വരുന്നവരാണ്. ഭാഷാപരമായും മറ്റ വിഷയബന്ധിത മായും അടിസ്ഥാനപരമായ ചില ധാരണകളും ശേഷികളും അവർ ആർജ്ജിച്ചിട്ടുണ്ട്. അവരുടെ ചിന്താശേഷിയും ഭാവനാശേഷിയും വികസിച്ചിട്ടുണ്ട്. പ്രതികരിക്കാനും സ്വന്തമായ അഭിപ്രായം രേഖപ്പെടുത്താനും അവർക്കു കഴിയുന്നുണ്ട്. എന്നാൽ കരിക്കുലം വിഭാവനം ചെയ്യുന്ന എല്ലാ കഴിവും എല്ലാ കുട്ടികൾക്കും ആർജ്ജിക്കാനായിട്ടില്ല.

വിവിധങ്ങളായ കാരണങ്ങളാലാണ് ചില കുട്ടികളെങ്കിലും പിന്നാക്കമായിപ്പോകുന്നത്. പഠനപ്രവർത്തനങ്ങളോടൊപ്പമോ, അനുബന്ധപ്രവർത്തനങ്ങളായിട്ടോ ചില പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ അത്തരം കുട്ടികളെയും മുഖ്യധാരയിലേക്ക് കൊണ്ടു വരാനാകും.

പഠനപ്രവർത്തനങ്ങൾ വിരസമാകാതെ, കുട്ടികളുടെ നൈസർഗ്ഗിക വാസനകളെ ഉന്മിഷിതമാക്കിക്കൊണ്ട് ഇത്തരം കോ-കരിക്കുലർ പ്രവർത്തനങ്ങളെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാനാണ് അക്കാദമിക മാസ്റ്റർപ്ലാനിൽ ലക്ഷ്യമിടുന്നത്. യു.പി. തലത്തിലെ കുട്ടികളെ ഒറ്റ യൂണിറ്റായി കണ്ടു കൊണ്ട്, പണയിൽ ഗവണ്മെന്റ് സ്കൂളിലെ അന്തരീക്ഷത്തിന് ഉതകുന്ന ചില പ്രവർത്തനങ്ങളാണ് 2025-2026 വർഷത്തെ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ വിഷയത്തെയും പ്രത്യേകം മേഖലകളാക്കി തിരിച്ചാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

## സ്റ്റാന്റേർഡ് -V

# മേഖല – മലയാളം (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്തുവാനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം** പഠിതാക്കൾ അവരുടെ അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരണം.<br>**ഭാഷാകേളി -** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ, ആസ്വാദനം...<br>**പദ കാർഡുകൾ-** വായന (പത്രം, ആഴ്ചപ്പതിപ്പ്, വാർത്ത, മാസികകൾ, ലൈബ്രറി ബുക്ക്) | ജൂൺ - ജൂലൈ | മലയാളം അദ്ധ്യാപകർ |
| സാഹിത്യകൃതികളോടും സാഹിത്യകാരരോടുള്ള അനുകൂല മനോഭാവങ്ങൾ വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക | അഭിമുഖം / സംവാദം | ജൂലൈ ആഗസ്റ്റ് | മലയാളം അധ്യാപകർ |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | കവിതാലാപനം, കഥ, നാടകം, കഥാപ്രസംഗം, ചൊൽക്കാഴ്ചകൾ, നൃത്ത - ദൃശ്യ ആവിഷ്കാരം, ശിൽപ്പശാലകൾ, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നടത്തുന്നു. | അക്കാദമിക വർഷം | പിടിഎ സ്കൂൾ |
| മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കുക. ഐസിടി സാധ്യതകൾ ഉപയോഗിക്കുവാൻ | ഈ കമ്പ്യൂട്ടിംഗ്, പോസ്റ്റർ രചന, കുട്ടികളുടെ സാഹിത്യസൃഷ്ടികൾ ഉൾപ്പെടുത്തി ഈ മാഗസിൻ പ്രകാശനം. | വർഷാവസാനം | ഐടി അധ്യാപകർ, മലയാളം അധ്യാപ |

| | | | |
|---|---|---|---|
| പരിശീലിക്കുക. | | | കർ, മലയാളം ക്ലബ്ബ് . |
| കുട്ടികളുടെ എഫ്. എം. അവതരണം മികവ് പരിപോഷിപ്പിക്കുക. | ഓരോ ആഴ്ചയിലെയും പ്രധാനപ്പെട്ട വാർത്തകൾ അസംബ്ലി ദിനത്തിൽ കുട്ടികൾ അവതരിപ്പിക്കുന്നു. ക്ലാസ്സ് ലീഡർമാർ മലയാളം അധ്യാപകർ സ്കൂൾ ലീഡർ | വർഷാവസാനം | മലയാളം ക്ലബ്ബ് |

## സ്റ്റാന്റേർഡ് -V

## മേഖല – ഗണിതം (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | **ഗണിത ശില്പശാല**<br>ഗണിത കളരി അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കളികൾ | ജൂൺ ജൂലൈ | ഗണിത അധ്യാപകർ |
| 2.ഗണിതശാസ്ത്ര പഠനം രസകരവും ശേഷികളുടെ വികാസത്തിനും | **ഓറിഗാമി ശില്പശാല**<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. പ്രദർശനം. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ പ്രവൃത്തി പരിചയ അദ്ധ്യാപകർ |
| 3.ഗണിത പഠനപ്രവർത്തനങ്ങ | **ഗണിത ലാബ്**<br>ഗണിതലാവിൽ ആവശ്യമായവ തയ്യാറാ | ആവശ്യാനുസരണം | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| ൾ എളുപ്പമാക്കൽ. | ക്കുന്നു. | | |
| 4. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കുക. | **ഗണിത വീട്**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ഉപയോഗിച്ച് കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന വിധത്തിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചു തവണ | ഗണിത അധ്യാപകർ |
| 5.ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഗണിത ആശയങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എളുപ്പം എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ |
| 6.ഗണിതത്തിൽ പിന്നാക്കം നില്ക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക. | **ഗണിതക്കൂട്ട്**<br>ഗണിതത്തിൽ പിന്നാക്കം നിസ്കുന്ന കുട്ടികളെ കണ്ടെത്തിമുൻനിരയിലെ കുട്ടികളെ ഉപയോഗിച്ച് പോരായ്മകൾ കണ്ടെത്തി പ്രവർത്തനങ്ങൾ നല്കുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകർ സമർഥരായ കുട്ടികൾ |
| 7.വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ് ആർ ജി |

## സ്റ്റാന്റേർഡ് -(V - VII)

## മേഖല – ഇംഗ്ലീഷ് (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശരിയായി ഇംഗ്ലീഷ് | **LEND YOUR YEAR**<br>ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് | ജൂലൈ | ഇംഗ്ലീഷ് അധ്യാപ |

| | | | |
|---|---|---|---|
| ശ്രമിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | ചെയ്ത് കേൾപ്പിക്കുന്നു. | | കർ |
| | **FOLLOW ME IF YOU CAN**<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ |
| | **BREAKING NEWS**<br>ന്യൂസ് ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രമിക്കുവാൻ അവസരം ഒരുക്കുന്നു | നവംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | MISSING MAN<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ |
| | TREASURE HUNT<br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്നങ്ങളായ അറകളാക്കുന്നു.<br>ഓരോ അറകൾക്കും സമ്പർക്കം നൽകി നമ്പർ നൽകി നറുക്കെടുപ്പിലൂടെ. | | ഇംഗ്ലീഷ് അധ്യാപകർ |
| | ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു.<br>വസ്തു എന്തെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്ന പോയിൻറ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ |
| | MEET THE FOREIGNER<br>തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തതിൽ ഒരുതവണ | ഇംഗ്ലീഷ് അധ്യാപകർ |
| | LEARNING LADDER<br>പാഠഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത കുറച്ചു വാക്കുകൾ ചാർട്ടിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | ONE MAN SHOW<br>ആശയം നൽകി ഇംഗ്ലീഷിൽ ഏതോ അഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ |
| തെറ്റു കൂടാതെ | സൂചന ബോർഡുകൾ, പോസ്റ്ററുകൾ, | ദിനാചര | ഇംഗ്ലീഷ് |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്ന | നോട്ടീസുകൾ എന്നീ വസ്തുക്കൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ണങ്ങളിൽ | അധ്യാപകർ |
| | RUN BABY RUN<br>ഗ്ലാസ്സിനെ ഗ്രൂപ്പുകൾ ആക്കുന്നു ചാർറ്റിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർറ്റിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ |
| | കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ഇംഗ്ലീഷ് പീരീഡുകൾ | ഇംഗ്ലീഷ് അധ്യാപകർ |

# സ്റ്റാൻേർഡ് (V - VII)

## മേഖല – ഹിന്ദി (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1)UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | > അക്ഷരം എഴുത്ത്<br>> ചിഹ്നം ഉറപ്പിക്കൽ<br>> അക്ഷരക്കാർഡ്,<br>വാക്കുകൾ എഴുതിയ കാർഡ്<br>> ക്ലാസിൽ അക്ഷരമാല പ്രദർശനം<br>> ഓൺലൈൻ അക്ഷരമാല കളികൾ<br>> വാക്കുകൾ എഴുതിയ കാർഡുകൾ<br>> വാക്കുകൾ നിർമാണം<br>> വാക്യങ്ങൾ നിർമ്മാണം<br>> എച്ച് എസ് വിഭാഗത്തിലെ പിന്നാ | ജൂൺ-ആഗസ്റ്റ് | അക്ഷര ചാർട്ട്, പാഠപുസ്തകം | BRC DIET SCERT(ആവശ്യമെങ്കിൽ) റിസോഴ്സ് ടീച്ചേഴ്സ് |

| | | | | |
|---|---|---|---|---|
| | ക്കാവസ്ഥയിലുള്ള കുട്ടികളിൽ പ്രീ-ടെസ്റ്റ് നടത്തി മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. | | | |
| **2)വീട് ഒരു പരീക്ഷണശാല** (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | > വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുവകകളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br><br>> ഐസിടി സഹായത്തിലൂടെ വസ്തുക്കളുടെ വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br><br>> CWSN കുട്ടികളുടെ പങ്കാളിത്തം. | സെപ്റ്റംബർ - ഒക്ടോബർ | ഹിന്ദി നിഘണ്ടു | PTA<br>BRC<br>റിസോഴ്സ് ടീച്ചേഴ്സ് |
| 3) ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരേലി ഹിന്ദി) | > ഹിന്ദി അസംബ്ലി<br>> ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനവരി 10)<br>> ക്ലാസ് ലൈബ്രറി<br>> അധികവായന സാമഗ്രികൾ<br>> ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>> ചിത്രം അടിക്കുറിപ്പ്<br>> ചിത്രം കഥ പറയൽ<br>> ചിത്രം കഥയെഴുതൽ<br>> കഥ ബാക്കിയെഴുതൽ<br>> വായന മൂല<br>> ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ - ഫെബ്രുവരി | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

# സ്റ്റാന്റേർഡ് (V - VII)

## മേഖല – സാമൂഹികശാസ്ത്രം (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.സാമൂഹ്യ ശാസ്ത്രത്തിൻറെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള അടിസ്ഥാന വിവരങ്ങൾ ആനുകാലിക സംഭവങ്ങൾ ആസ്പദമാക്കി മെമ്മറിടെസ്റ്റ് നടത്തുന്നു. | ജൂൺ മുതൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 2.പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | **വെർച്വൽ ഫീൽഡ് ട്രിപ്പ്**<br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 3.പഠിതാക്കളെ ഭൂപടം വായനയ്ക്ക് (കേരളം, ഇന്ത്യ, ലോകം) (ജില്ല, സംസ്ഥാനം, രാജ്യം) സ്ഥാനം കണ്ടെത്തുന്നതിനുള്ള പ്രാപ്തി നേടിയെടുക്കൽ. | **സഞ്ചാരം**<br>ജില്ല, സംസ്ഥാനം, രാജ്യം ഇവ കൃത്യമായി സ്ഥാനം കണ്ടെത്തി ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിനുള്ള ശേഷി നേടിയെടുത്ത് സാമൂഹ്യശാസ്ത്ര പഠനം ഏറെ അർത്ഥവത്തുള്ളതാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 4.ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയും അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 5.ജനാധിപത്യത്തിൻറെ അടിസ്ഥാനഘടകമായ തെരഞ്ഞെടുപ്പ് കുട്ടികളെ | കുട്ടികളെ തന്നെ വോട്ടിംഗ് ഓഫീസർമാരാക്കി ഇന്ത്യയിൽ തെരഞ്ഞെടുപ്പിന്റെ മാതൃകയിൽ തന്നെ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപ |

| | | | |
|---|---|---|---|
| നേരിട്ട് പങ്കാളിയാക്കുവാൻ അവസരം ഒരുക്കുക | സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ് സംഘടിപ്പിക്കുന്നു. | | കർ SRG |

## സ്റ്റാൻേറ്റർഡ് (V - VII)

## മേഖല – അടിസ്ഥാനശാസ്ത്രം (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | 1) ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ജൈവവേലി, മുളകൾ കൊണ്ടുള്ള വേലി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br><br>2)വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ. ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം. കാവുകൾ സന്ദർശനം കണ്ടൽക്കാടുകൾ നിരീക്ഷണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. | 1)നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി, രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ, ശാസ്ത്ര ക്ലാസുകൾ നടത്തുന്നു പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, |
| | 2)വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവിതചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട അറിവുകളുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ വിഭാഗം

2025-2026 വിദ്യാലയ വർഷത്തിൽ പുതിയ ചില തീരുമാനങ്ങളോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാനിന് രൂപം നല്കിയിരിക്കുന്നത്. പൊതുസമൂഹം ചർച്ച ചെയ്ത ചില വിഷയങ്ങളുടെ അനുരൂപീകരണം കൂടി ഈ അക്കാദമിക വർൽത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭാഷാപരമായ അടിസ്ഥാന ശേഷികളോടൊപ്പം കുട്ടികളുടെ വൈകാരിക-സാമൂഹിക തലങ്ങളെ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. സർഗ്ഗശേഷി വികാസത്തിനും പദ്ധതിയിൽ പരമാവധി പ്രാധാന്യം നല്കിയിട്ടുണ്ട്.

സ്കൂളിനകത്തു തന്നെയുള്ള ഭൗതിക സൗകര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്ത തരത്തിലാണ് ആസൂത്രണമെങ്കിലും ചില പ്രവർത്തനങ്ങളുടെ പൂർണ്ണതയ്ക്ക് പുറത്തു നിന്നുള്ള ഇടപെടലുകളും സാമ്പത്തികസഹായവും അനിവാര്യമാണ്. പുതിയ കാഴ്ചപ്പാടിൽ സ്കൂൾ എന്നത് ഒരു സാമൂഹിക ഇടം കൂടിയാണ്. പി.ടി.എ., എസ്.എം.സി., എം.പി.ടി.എ., സ്കൂൾ വികസന സമിതി എന്നിവയുടെയെല്ലാം പൂർണ്ണ പിന്തുണ പദ്ധതിയ്ക്ക് അനിവാര്യമാണ്.

അക്കാദമിക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ സഹായിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് എല്ലാ മേഖലയിലും അവതരിപ്പിച്ചിട്ടുള്ളത്. കുട്ടികളുടെ മാനസികവും ആത്മീയവും ശാരീരികവുമായ ഉന്നമനത്തിന് ഓരോ പ്രവർത്തനവും വഴിയൊരുക്കുന്നതാണ്. വരും വർഷങ്ങളിൽ പനയം നാടിന്റെ ഭാഗധേയം മാറ്റിമറിക്കുവാൻ കഴിയുന്ന കർമ്മോന്മുഖരായ നല്ല തലമുറയെ സൃഷ്ടിക്കാൻ സ്വപ്നക്കൂട് - 25 എന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഉതകും. പണയിൽ ഗവണമെന്റ് ഹൈസ്കൂൾ എന്നും ഈ നാടിന്റെ ഐശ്വര്യമായി പ്രശോഭിക്കട്ടെ!

## സ്റ്റാന്റേർഡ് (VIII - X)

## മേഖല – മലയാളം (HS)

ഭാഷാപഠനം വളരെ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന കാലമാണിത്. വായനയും എഴുത്തും നാമമാത്രമായി പോകുന്നു. ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട സേഷികൾ പലപ്പോഴും പൂർണ്ണമായി നേടുന്നില്ല. ബൗദ്ധികവും മാനസികവുമായ കാരണങ്ങളോടൊപ്പം,

സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളും ഇത്തരം പിന്നാക്കാവസ്ഥയ്ക്ക് വഴിയൊരുക്കുന്നുണ്ട്. ഹൈസ്കൂൾ തലത്തിൽ പോലും മലയാളം എഴുതാനും വായിക്കാനും പ്രയാസം നേരിടുന്ന കുട്ടികളുണ്ട്. അവരെ പഠനത്തിൽ മുന്നോട്ട് കൊണ്ടു വരുന്നതിന് പ്രത്യേകം ഊന്നൽ നല്കേണ്ടതുണ്ട്. സാധാരണ ക്ലാസ്സ് പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത തരത്തിൽ, അധികസമയമെടുത്തുകൊണ്ട് ചില പ്രത്യേകപ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്.

മലയാളം ഭാഷ നല്ലരീതിയിൽ കൈകാര്യം ചെയ്യാനുള്ള ശേഷികൾ ഉറപ്പിക്കണം. അതിനു പരിഹാരം കണ്ടെത്തുന്നതോടൊപ്പം, എല്ലാ വിദ്യാർത്ഥികളെയും ഭാഷാപഠനത്തിന്റെ ഔന്നത്യത്തിലെത്തിക്കുകയും സാഹിത്യ വാസനകളെ പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. അതിനായി സാഹിത്യക്കൂട്ടായ്മകളും വിവിധ മത്സരങ്ങളും സംഘടിപ്പിക്കുന്നു.

പ്രാദേശികമായി അറിയപ്പെടുന്ന സാഹിത്യകാരന്മാരെയും കലാകാരന്മാരെയും സ്കൂളുമായി ക്കൂട്ടിയിണക്കുകയും ജനകീയ പങ്കാളിത്തത്തിലൂടെ സ്കൂളിനെ മെച്ചപ്പെടുത്തുകയും ചെയ്യാവുന്നതാണ്. വിദ്യാലയത്തോടൊപ്പം വീടും പഠനാന്തരീക്ഷത്തിന് സഹായ കരമാവേണ്ടതുണ്ട്. രക്ഷാകർത്താക്കൾക്ക് ഇതുമായി ബന്ധപ്പെട്ട് നല്ല ധാരണകൾ കൊടുക്കേണ്ടതുണ്ട്. ഇത്തരം വിഷയങ്ങളെല്ലാം കണ്ടു കൊണ്ട്, പണയിൽ ഗവണ്മെന്റ് ഹൈസ്കൂളിലെ മലയാളം വിഷയകൗൺസിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനാണിത്.

## പ്രവർത്തനം - 1 : അവധിക്കാലം ആനന്ദം

### പദ്ധതി വിശദാംശം :

അവധിക്കാലത്തെ അനുഭവങ്ങളെ സർഗ്ഗാത്മകമായി അവതരിപ്പിക്കാൻ അവസരമൊരുക്കുന്ന ലഘു പ്രവർത്തനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാ ശേഷികൾ അളക്കാനും സർ ഗ്ഗാത്മക മേഖലകളെ ഉണർത്താനും കഴിയുക. | <u>**അവധിക്കാല പതിപ്പ്**</u><br>അവധിക്കാല പ്രവർത്തനങ്ങളെയും അനുഭവങ്ങളെയും വിശകലനം ചെയ്യാനും വിവിധ സാഹിത്യരൂപങ്ങളിൽ അവതരിപ്പിക്കാനും അവസരം നല്കുന്നു. അവ ശേകരിച്ച് പതിപ്പാക്കുന്നു. | ജൂൺ | മലയാളം അദ്ധ്യാപകർ |

# പ്രവർത്തനം - 2 : മലയാളത്തിളക്കം (വായനയും എഴുത്തും)

## പദ്ധതി വിശദാംശം :

ഭാഷാ പഠനത്തിൽ അടിസ്ഥാനപരമായി നേടേണ്ട രണ്ടു ശേഷികളാണ് വായനയും എഴുത്തും. എൽ.പി.യും യു.പി.യും കടന്ന് ഹൈസ്കൂളിലെത്തിയാലും എഴുത്തും വായനയും ബുദ്ധിമുട്ടായി അനുഭവിക്കുന്ന ചില കുട്ടികളെങ്കിലും മിക്ക ക്ലാസ്സുകളിലും ഉണ്ട്. അവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരേണ്ടത് അത്യാവശ്യമാണ്. ക്ലാസ്സ് പഠനത്തിന് തടസ്സം വരാത്തതനം തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാ ശേഷികൾ അളക്കാനും സർഗ്ഗാത്മക മേഖലകളെ ഉണർത്താനും കഴിയുക. | **1) നിലയളക്കൽ**<br>മലയാളം എഴുത്തിലും വായനയിലും പിന്നാക്കം നില്ക്കുന്നവരെ കണ്ടെത്തുന്നു. ക്ലാസ്സ് തലത്തിലും സ്റ്റാന്റേർഡ് തലത്തിലും ലിസ്റ്റ് തയ്യാറാക്കുന്നു. പദ്ധതി വിശകലനം ചെയ്യുന്നു. വാട്ട്സ് ആപ്പ് ഗ്രൂപ്പ് തയ്യാറാക്കുന്നു. പഠനോപകരണങ്ങൾ നല്കുന്നു. അവർക്കായി ഭാഷാപഠനം രസകരമാക്കൽ. പ്രത്യേകം ടൈംടേബിൾ തയ്യാറാക്കി ക്ലാസ്സുകൾ നല്കുന്നു. | ജൂൺ | മലയാളം അദ്ധ്യാപകർ |
| | **2) ഭാഷാകേളി**<br>മലയാളം വാക്കുകൾ നന്നായി പരിചയപ്പെടുന്നതിന്, വിവിധ തരത്തിലുള്ള കളികൾ ഉൾപ്പെടുത്തുന്ന പരിപാടി.<br>(സിനിമാ ഗാനങ്ങൾ, ലഘുകവിതകൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, സ്ഥലനാമങ്ങൾ, സിനിമാ പേരുകൾ, തുടങ്ങിയവ ഉൾപ്പെടുത്തുന്നു)<br>പദ-ശൃംഖലകൾ, പദച്ഛേദങ്ങൾ, | ജൂൺ - സെപ്തംബർ | |

| | | | |
|---|---|---|---|
| | സമാനപദങ്ങൾ എന്നിവയിലൂടെ ഭാഷാപരിചയം.<br>ലളിതമായ പ്രവർത്തനങ്ങളിൽ നിന്ന് ഗഹനമായവയിലേക്ക് എന്ന സമീപനമാണ് സ്വീകരിക്കുന്നത്. | | |

## പ്രവർത്തനം - 3 : വായനയുടെ ലഹരി

### പദ്ധതി വിശദാംശം :

പുസ്തകവായനയ്ക്ക് ഊന്നൽ നല്കിക്കൊണ്ട് കുട്ടികളെ മറ്റു ലഹരികളിൽ നിന്ന് രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ചെയ്യുന്ന പ്രവർത്തനം. പരമാവധി വായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുന്നു. പഠനവും വായനയും ഒരുമിപ്പിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനയും സർഗ്ഗവാസനകളും പരിപോഷിപ്പിക്കുന്നതിന്. | **<u>1) പുസ്തകശേഖരണം</u>**<br>സ്കൂൾ ആരംഭത്തിൽ തന്നെ ക്ലാസ്സ് ലൈബ്രറി ഒരുക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നു. ക്ലാസ്സിലെ അലമാരയോ, പ്രത്യേകം മേശയോ ഡെസ്കോ അതിനായി സംവിധാനം ചെയ്യുന്നു.<br>വായനാസാമഗ്രികളെ പറ്റിയും അവ എങ്ങനെയെല്ലാം ശേഖരിക്കാമെന്നും ചർച്ച ചെയ്യുന്നു. | ജൂൺ | മലയാളം അദ്ധ്യാപകർ |
| | **<u>2) മിഠായിക്കു പകരം പുസ്തകം</u>**<br>ക്ലാസ്സ് ലൈബ്രറി ശാക്തീകരണത്തിന്റെ ഭാഗമായി പിറന്നാൾ ദിനത്തിൽ വിദ്യാർത്ഥികൾ മിഠായിക്കു പകരം സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന ചെയ്യുന്നു. സ്കൂൾ അസംബ്ലിയിൽ ആ വിദ്യാർത്ഥികളെ പ്രത്യേകം | | |

| | | | |
|---|---|---|---|
| | അനുമോദിക്കുന്നു. ആ പുസ്തകത്തിൽ കുട്ടിയുടെ പേര് പ്രത്യേകം രേഖപ്പെടുത്തുന്നു. പിറന്നാളിനും മറ്റും കുട്ടികൾ ക്ലാസ്സിലേക്കൊരു പുസ്തകം സമ്മാനിക്കുന്നു. | | |
| | **3) ആസ്വാദനക്കുറിപ്പ്** വായിച്ച ലൈബ്രറി പുസ്തകങ്ങളെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന പരിപാടിയാണ് ആസ്വാദനക്കുറിപ്പ് മത്സരം. പുസ്തകത്തെ ആഴത്തിലും പരപ്പിലും സമീപിക്കാൻ കഴിയുന്നു. കുട്ടികളെ വായനയിലേക്ക് അടുപ്പിക്കുന്നു. നല്ല രചനകൾ അവതരിപ്പിക്കാൻ സാഹിത്യവേദി അവസരമൊരുക്കുന്നു. രചനകൾ ശേഖരിച്ച് വർഷാവസാനം ഒരു പതിപ്പ് തയ്യാറാക്കുന്നു. (ലിറ്റിൽ കൈറ്റ്സിന്റെ സഹായത്തോടെ ഡിജിറ്റൽ പതിപ്പും തയ്യാറാക്കാവുന്നതാണ്) | | |

## പ്രവർത്തനം - 4 : വായനായനം (വായനവാരം)

### പദ്ധതി വിശദാംശം :

പി.എൻ.പണിക്കരെന്ന മനുഷ്യസ്നേഹിയെ അടുത്തറിയാനും വായന എന്ന സംസ്കാരം സമാർജ്ജിക്കാനും അവസരമൊരുക്കുകയാണ് വായനായനത്തിന്റെ ലക്ഷ്യം. പുസ്തകങ്ങൾ നല്ല ചങ്ങാതിമാരാണ്. കുട്ടികളിലെ കഴിവുകളെ പരിപോഷിപ്പിക്കാനും അവർക്ക് നല്ല അവസരങ്ങൾ ഒരുക്കാനും നമുക്കു കഴിയണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനയുടെ | **1) അനുസ്മരണം –** | ജൂൺ 19 | മലയാളം |

| | | | |
|---|---|---|---|
| സംസ്കാരം രൂപപ്പെടുത്തുന്ന തിന്.<br><br>കലാ-സാഹി ത്യാഭിരുചികൾ പരിപോഷിപ്പിക്കുന്നത ിന്.<br><br>സർഗ്ഗസൃഷ്ടിയി ലേർപ്പെടുന്നതിന്. | വായനയെ ജനകീയമാക്കിയ പി.എൻ.പണിക്കരുടെ ചരമദിനം ഒരാഴ്ച നീണ്ടു നില്ക്കുന്ന വിവിധ പ്രവർത്തനങ്ങളോടെ ആഘോഷിക്കുന്നു. വായനായനം എന്നാണ് ഇതിന് പേരിട്ടിരിക്കുന്നത്. പി.എൻ.അനുസ്മരണപ്രഭാഷണം സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾ കുറിപ്പുകൾ വായിക്കുന്നു. | | അദ്ധ്യാ പകർ<br><br>SRG<br><br>PTA |
| | **<u>2) വായനമത്സരം –</u>**<br>വായനായനത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പി ക്കുന്നു. കഥരചന, കവിത രചന, പുസ്തകാസ്വാദനക്കുറിപ്പ്, ഉപന്യാസ രചന, ചിത്രരചന, കാവ്യാലാപനം എന്നിങ്ങനെ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. എല്ലാ വിദ്യാർത്ഥികൾക്കും പങ്കെടുക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുന്നു. ഒരു ദിവസം ഒരു മത്സരം. | | |
| | **<u>3) സാഹിത്യക്വിസ്സ്</u>**<br>വായനായനത്തിന്റെ ഭാഗമായി സാഹിത്യക്വിസ്സ് സംഘടിപ്പി ക്കുന്നു. പ്രശ്നോത്തരിയ്ക്ക് മുന്നോടിയായി കൃത്യമായ അറിയിപ്പുകൾ നല്കുന്നു. മാതൃകാ ചോദ്യാവലികൾ നല്കുന്നു. മൾട്ടി മീഡിയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പ്രശ്നോത്തരിയാണ് | | |

| | | | |
|---|---|---|---|
| | സംഘടിപ്പിക്കുന്നത്. വിജയികളെ അസംബ്ലിയിൽ അനുമോദിക്കുന്നു. | | |

## പ്രവർത്തനം - 5 : കാവ്യമഞ്ജരി (കവിതയും പാട്ടും)

### പദ്ധതി വിശദാംശം :

മനുഷ്യമനസ്സിനെ ഏറെ സ്വാധീനിക്കുന്ന സാഹിത്യരൂപമാണ് കവിതയും ഗാനവും. കവിത വായിക്കാനും ആസ്വദിക്കാനും കഴിയുന്നത് നല്ല സമൂഹത്തിന്റെ സൂചനയാണ്. നല്ല കവിതകൾ ആസ്വദിക്കാനും ചൊല്ലി രസിക്കാനും അവസരം നല്കുന്ന പദ്ധതിയാണ് കാവ്യമഞ്ജരി. നേരിട്ട് പഠനപ്രവർത്തനങ്ങൾക്ക് സഹായകമാകും. കവിതകൾ ഈണത്തിൽ ചൊല്ലാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു. കലോത്സവങ്ങളിൽ, കവിതാലാപന മത്സരത്തിൽ പങ്കെടുക്കാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കവിതകൾ ആസ്വദിക്കുന്നതിനും ആലപിക്കുന്നതിനും അവസരം ലഭിക്കുന്നു. കവിതകളുടെ ഒരു ശേഖരം സൂക്ഷിക്കുന്നതിന്. | **1) കവിതാശേഖരണം**<br>കവിതകൾ ആസ്വദിക്കുന്നതി കവിത ചൊല്ലാൻ കഴിയുന്ന (താല്പര്യമുള്ള) വിദ്യാർത്ഥികളുടെ ഒരു ഗ്രൂപ്പ് രൂപീകരിക്കുന്നു. എല്ലാ ക്ലാസ്സുകൾക്കും പ്രാതിനിധ്യം നല്കുന്നു. പാഠപുസ്തകത്തിലെ പ്രധാന കവിതകളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. (മാതൃകയ്ക്കു വേണമെങ്കിൽ യൂട്യൂബ് കവിതകളും സ്വീകരിക്കാവുന്നതാണ്) കൂടാതെ മലയാളത്തിലെ പ്രധാനപ്പെട്ട മറ്റു കവിതകളും ശേഖരിക്കുന്നു. ആലാപനത്തിനു ചേരുന്ന ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു. പ്രത്യേക സമയം കണ്ടെത്തി കവിതകൾ ചൊല്ലി പരിശീലിക്കുന്നു. അദ്ധ്യാപകരുടെ നല്ല ഇടപെടൽ ഉണ്ടാവുന്നു. ക്ലാസ്സ് | ജൂൺ | മലയാളം അദ്ധ്യാപകർ |

| | | | |
|---|---|---|---|
| | മുറികളിലെ അനുഭവവും കുട്ടികൾക്ക് പ്രയോജനപ്പെടുന്നു. മ്യൂസിക് ടീച്ചറിന്റെ സഹായവും ഉപയോഗപ്പെടുത്തുന്നു. | | |
| | **2) കാവ്യസദസ്സ്**<br>കവിതകൾ തെരഞ്ഞെടുത്ത് വായിക്കാനും ഈണം കണ്ടെത്താനും ആലപിക്കാനും അവസരം നല്കുന്ന കവിതാ സദസ്സ്. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ കൂട്ടായ്മയിൽ കാവ്യമഞ്ജരിക്ക് പ്രത്യേകം സമയം നിശ്ചയിക്കുന്നു. വിദ്യാരംഗം കൺവീനറും മലയാളം അദ്ധ്യാപകരും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. കുട്ടികൾക്കും പ്രത്യേകം ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നല്കാവുന്നതാണ്. കുട്ടികളെ മുൻകൂട്ടി തീരുമാനിക്കുകയും ലിസ്റ്റ് തയ്യാറാക്കുകയും സമയക്രമം നിശ്ചയിക്കുകയും ആവശ്യമായ നോട്ടീസുകൾ തയ്യാറാക്കുകയും ചെയ്യുന്നു. | | |
| | **3) റെക്കോർഡിംഗ്**<br>കാവ്യമഞ്ജരിയിൽ അവതരിപ്പിക്കുന്ന കവിതകളുടെ നല്ല ആലാപനങ്ങൾ പ്രത്യേകം ലിസ്റ്റു ചെയ്യുന്നു. ആ വിദ്യാർത്ഥികളുടെ കാവ്യാലാപനങ്ങൾ കമ്പ്യൂട്ടർ സംവിധാനമുപയോഗിച്ച് റെക്കോഡു ചെയ്യുന്നു. കമ്പ്യൂട്ടർ അദ്ധ്യാപകരുടെയും ലിറ്റിൽ കൈറ്റ്സിന്റെയും സഹായം | | |

| | | | |
|---|---|---|---|
| | ഇതിലേക്ക് ഉപയോഗിക്കുന്നു. സ്കൂൾ അസംബ്ലിയിലും സവിശേഷ സന്ദർഭങ്ങളിലും മൈക്കിലൂടെ പ്രക്ഷേപണം ചെയ്യുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്ക് ഏറെ സന്തോഷവും അഭിമാനവും ലഭിക്കുന്ന ഒരു പ്രവർത്തനമാണിത്. | | |

## പ്രവർത്തനം - 6 : ദർശന (സിനിമ / നാടക കളരി)

### പദ്ധതി വിശദാംശം :

ഇന്ന് ഏറെ ശ്രദ്ധിക്കപ്പെടുന്ന കലാരൂപമാണ് സിനിമ. വിദ്യാഭ്യാസപ്രക്രിയയിലും പാഠ്യപദ്ധതിയിലും സിനിമയ്ക്ക് സവിശേഷ സ്ഥാനമാണുള്ളത്. സിനിമയുടെ കലാപരവും സാങ്കേതികവുമായ പ്രത്യേകതകൾ മനസ്സിലാക്കാനും കുട്ടികളെ അതിൽ ഭാഗഭാക്കാക്കാനുമാണ് ദർശനയുടെ ലക്ഷ്യം. തിരക്കഥാ രചനയിലൂടെ ഭാഷാപരമായ കഴിവുകൾ വർദ്ധിപ്പിക്കാനും അവസരം ലഭിക്കുന്നു. സിനിമ എന്നത് ഒരു സംഘടിത പ്രവർത്തനത്തിന്റെ കലയായതിനാൽ, കുട്ടികളിൽ സാമൂഹികമായ കാഴ്ചപ്പാടുകൾ വളരാനും ഇതിലൂടെ സാധിക്കുന്നു. CWSN കുട്ടികളെ ഉൾക്കൊള്ളിച്ച് കൊണ്ട് വിദ്യാഭ്യാസ പ്രക്രിയയെ കൂടുതൽ ജനകീയമാക്കാനും ഇത്തരം പ്രവർത്തനങ്ങൾ കൊണ്ടു കഴിയും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സിനിമ എന്ന ആധുനിക കലയുടെ സവിശേഷതകൾ മനസ്സിലാക്കാനും നല്ല സിനിമകൾ കാണാനും നല്ലൊരു സിനിമാ സംസ്കാരം രൂപപ്പെടുത്താനും സഹായിക്കുന്നു. | **1) മുന്നൊരുക്കം** സിനിമാസ്വാദന രചന നടത്തിക്കൊണ്ട് ഫിലിം ക്ലബ്ബിന് പ്രാരംഭം കുറിക്കുന്നു. സിനിമയോട് താല്പര്യമുള്ള കുട്ടികളെ ചേർത്തു കൊണ്ട് ക്ലബ്ബ് രൂപീകരിക്കുന്നു. ക്ലബ്ബ് പ്രവർത്തനം വിശദീകരിക്കുന്നു. ഉദ്ദേശ്യ-ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു. ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു. ചുമതലകൾ വിഭജിക്കുന്നു. | ജൂലൈ | മലയാളം അദ്ധ്യാപകർ വിദ്യാരംഗം |

| | | | |
|---|---|---|---|
| | ഉദ്ഘാടന പരിപാടികൾ തീരുമാനിക്കുന്നു. ആവശ്യമായ പോസ്റ്ററുകൾ തയ്യാറാക്കുന്നു. | | |
| | **2)തിരക്കഥാസെമിനാർ**<br>സിനിമയെ ഗൗരവത്തോടെ കാണുന്നതിന് നല്ല സിനിമകൾ പ്രദർശിപ്പിക്കുകയും സിനിമാ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. സിനിമയുടെ സാങ്കേതിക വശം വ്യക്തമാക്കുന്നു.<br>തിരക്കഥയുടെ പ്രാധാന്യം ചർച്ച ചെയ്യുന്നു. തിരക്കഥാ രചന പഠിക്കുന്നതിനായി തിരക്കഥാ സെമിനാറും സംഘടിപ്പിക്കുന്നു. തിരക്കഥകൾ രൂപപ്പെടുന്നു. നല്ല തിരക്കഥകൾ കണ്ടെത്തുകയും സിനിമ നിർമ്മിക്കാനുള്ള ഒരുക്കങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നു. | ആഗസ്റ്റ് | മലയാളം അദ്ധ്യാപകർ വിദ്യാരംഗം |
| | **3) ഫിലിമോത്സവം**<br>പണയിൽ സ്കൂളിന്റെ ഫിലിമോത്സവം ദർശന എന്ന പേരിൽ സംഘടിപ്പിക്കുന്നു. അതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നു. (പബ്ലിസിറ്റി - പ്രത്യേകം കമ്മറ്റി) ഡെലിഗേറ്റുകളുടെ രജിസ്ട്രേഷൻ എങ്ങനെ വേണമെന്ന് തീരുമാനിക്കുന്നു. നല്ലൊരു ഉദ്ഘാടനച്ചടങ്ങ് സംഘടിപ്പിക്കുന്നു. രക്ഷാകർത്താക്കളെയും നാട്ടുകാരെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഫിലിമോത്സവം സംഘടിപ്പിക്കുന്നത്. ഫിലിം പ്രദർശനത്തിനു ശേഷം | ഡിസംബർ | മലയാളം അദ്ധ്യാപകർ വിദ്യാരംഗം |

| | | | |
|---|---|---|---|
| | ഓപ്പൺഫോറവും സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് ചർച്ചയിൽ പങ്കെടുക്കാൻ പ്രത്യേകം അവസരം ഉണ്ടായിരിക്കുന്നതാണ്. | | |

## സ്റ്റാന്റേർഡ് (VIII - X)

## മേഖല – ഇംഗ്ലീഷ് (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക.<br><br>2.ഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly<br><br>Cinema & Documentary – Profile & Script തയ്യാറാക്കുന്നതിന് വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു<br><br>റോൾ പ്ലേ, ഇംഗ്ലീഷ് ഡേ ആചരണം, സെമിനാർ, ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്തു കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യ ആവിഷ്കാരം നടത്തുന്നു. | അവധിക്കാലം/ ശനിയാഴ്ചകൾ<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>അക്കാദമിക വർഷം | PTA, ടീച്ചേഴ്സ്<br><br>ടീച്ചേഴ്സ്, SRG<br><br>ഇംഗ്ലീഷ് ടീച്ചേഴ്സ് |

| | | | |
|---|---|---|---|
| 3. സ്വാതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | School English Voice, അക്ഷരക്കാർഡ്, പദ കാർഡ്, വാക്യനിർമാണത്തിനുള്ള കാർഡുകൾ. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | PTA, SRG, ടീച്ചേഴ്സ് |
| | ചിത്രവായന, ലഘു കഥ നിർമ്മാണം, പബ്ലിക് സ്പീക്കിംഗ്, സിമ്പിൾ ഗെയിംസ്, ഇംഗ്ലീഷ് പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, ന്യൂസ് റീഡിങ് കോമ്പറ്റീഷൻസ്. | ക്ലാസ് റൂം പ്രവർത്തനങ്ങൾ/ അസംബ്ലി | PTA, ടീച്ചേഴ്സ് |
| 4. നാടകീരണം. | English Assembly, Skit, Puppet Show, English Lab<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി പപ്പറ്റ് ഷോ, സ്കിറ്റ്, കഥാപ്രസംഗം, എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങൾ<br><br>ശനിയാഴ്ചകൾ ക്യാമ്പ് | PTA, SRG, ടീച്ചേഴ്സ്<br><br>ഇംഗ്ലീഷ് ക്ലബ്ബ് |
| 5.കവിത ആലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം.<br><br>കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>പ്രശസ്ത കവികളുമായുള്ള ആശയവിനിമയവും സംവാദസാധ്യതകളും പ്രയോജനപ്പെടുത്തുന്നു. | ക്ലാസ് പ്രവർത്തനങ്ങൾ<br><br>വെക്കേഷൻ ശനിയാഴ്ചകൾ<br><br>വർഷത്തിൽ രണ്ടുപ്രാവശ്യം | PTA, SRG, ടീച്ചേഴ്സ്<br><br>ഇംഗ്ലീഷ് അദ്ധ്യാപകർ<br><br>PTA, |

| | | | |
|---|---|---|---|
| 6.സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | രചനകളുടെ പ്രദർശനം (Magazine)<br><br>പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലകളിലെ പ്രശസ്ത വ്യക്തികൾ, എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസിംഗും നടത്തുന്നു.<br><br>ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഫിലിം-കാണാനുള്ള അവസരം. | വെക്കേഷൻ (ഓണം, ക്രിസ്മസ്)<br><br>അക്കാദമിക വർഷത്തിൽ ഒന്ന് | SRG, ടീച്ചേഴ്സ്<br><br>ഇംഗ്ലീഷ് ക്ലബ്ബ് |
| 7.സംവാദ സദസ്സുകൾ സംഘടിപ്പിക്കുക. | Native Speakers-മൊത്ത് സമയം ചെലവഴിക്കാനും സംവാദം നട ത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു.<br><br>ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets - ഇവരുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | ശനിയാഴ്ചകൾ/ വെക്കേഷൻ<br><br>അക്കാദമിക വർഷം 2 വണ. | PTA, SRG, ടീച്ചേഴ്സ് |

# സ്റ്റാന്റേർഡ് (VIII - X)

## മേഖല – ഹിന്ദി (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ. CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. | 1) കുട്ടികളുടെ പഠനനില അളക്കാൻ പ്രീ-ടെസ്റ്റ് നടത്തുന്നു. തുടർപ്രവർത്തനങ്ങൾ. (ക്ലാസ്സ് - 8) | ജൂൺ ആദ്യവാരം | BRC DIET SCERT(ആവശ്യമെങ്കിൽ) റിസോഴ്സ് ടീച്ചേഴ്സ് |
| | 2)കുട്ടികൾക്ക് പുത്തൻ ഉണർവ് നല്കുവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNERS കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനനുസരിച്ചുള്ള പ്രവർത്തന പാക്കേജ് . (ക്ലാസ്സ് - 8,9,10) | ജൂൺ രണ്ടാം വാരം | ഹിന്ദി ടീച്ചേഴ്സ്, മറ്റ് അദ്ധ്യാപകർ |
| | 3)ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. | പ്രതിദിനം | ഹിന്ദി ടീച്ചേഴ്സ് |

| | | | |
|---|---|---|---|
| | ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക.<br>ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം.<br>(ക്ലാസ്സ് - 8,9) | | |
| | 4)CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐ.സി.ടി. മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം.<br>(ക്ലാസ്സ് - 8,9,10) | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി ടീച്ചേഴ്സ് |
| | 5)ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | (ക്ലാസ്സ് - 8,9,10) | ഹിന്ദി ടീച്ചേഴ്സ് |
| | 6)ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക.<br>ഹിന്ദി അസംബ്ലി നടത്തുക. | (ക്ലാസ്സ് - 9,10) | ഹിന്ദി ടീച്ചേഴ്സ് |
| | 7)കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കിക്കുക. | (ക്ലാസ്സ് - 8,9) | ഹിന്ദി ടീച്ചേഴ്സ് |
| | 8)പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക.<br>ഹിന്ദിയിൽ സംസാരിക്കാൻ പ്രേരിപ്പിക്കുക. | (ക്ലാസ്സ് - 8,9) | ഹിന്ദി ടീച്ചേഴ്സ് |
| | 9)ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം.<br>ഹിന്ദി ഡോക്യുമെന്ററി. | (ക്ലാസ്സ് - 9,10) | ഹിന്ദി ടീച്ചേഴ്സ് മറ്റ് അദ്ധ്യാപകർ |

| | | | |
|---|---|---|---|
| | ഹിന്ദി സിനിമ കാണാനുള്ള അവസരം<br>ഹിന്ദി വാർത്തകൾ കാണാനുള്ള അവസരം | | |
| | 10) കുട്ടികളുടെ മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷ ഉൾക്കൊള്ളാനും ഭാഷാ പഠനം എളുപ്പമാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ. | (ക്ലാസ്സ് - 8,9,10) | ഹിന്ദി ടീച്ചേഴ്സ് മറ്റ് അദ്ധ്യാപകർ |

## സ്റ്റാന്റേർഡ് (VIII - X)

## മേഖല – സോഷ്യൽ സയൻസ് (HS)

### പൊതു ലക്ഷ്യങ്ങൾ

- സാമൂഹികശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
- കരിക്കുലം ലഭ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- സാമൂഹിക ചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലനശേഷി, Enquiry Skill എന്നിവ എല്ലാ കുട്ടികളും ആർജ്ജിക്കുക.
- സാമൂഹ്യശാസ്ത്ര പഠനത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തുക.
- പഠനം കൂടുതൽ തനിമയുള്ളതാക്കുക.
- സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹികശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക.
- മതേതര ജനാധിപത്യബോധം വികസിപ്പിക്കൽ, ചരിത്രശേഷിപ്പുകൾ നശിപ്പിക്കാതെ വരുംതലമുറയ്ക്ക് കൈമാറുക.

- അർത്ഥപൂർണ്ണമായ ഭൂപട വായന ക്രമീകരിക്കുന്നു.
- ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

## സാമൂഹ്യശാസ്ത്ര പഠനം - പ്രശ്നങ്ങൾ

### അക്കാദമികം

1) ഒന്നുമുതൽ പത്തുവരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണകൾ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.
2) എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സാധിക്കുന്നില്ല.
3) വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങളുണ്ട്.
4) പരിശീലന, പഠനപ്രക്രിയ വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും സാധിക്കുന്നില്ല.

### ഭൗതികം

ക്ലാസ് ലൈബ്രറികൾ ഇല്ല.

### സാമൂഹികം

1) പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.
2) പ്രാദേശിക വിഭവ ശേഖരണം നടത്തിയിട്ടില്ല.

## പ്രവർത്തന പദ്ധതി വിശകലനം

(പരിഹാര പ്രവർത്തനങ്ങൾ, വിശദാംശങ്ങളും പണ സംവിധാനങ്ങളും ചർച്ച ചെയ്യുന്നു. എസ് ആർ ജി മീറ്റിംഗ് മേഖല, ഉപമേഖല തിരിക്കൽ, എസ്.എസ് ക്ലബ്ബ് രൂപീകരണം, പ്രീ ടെസ്റ്റ് ക്വിസ് കോമ്പറ്റീഷൻ - പ്രവർത്തന പാക്കേജ് തയ്യാറാക്കൽ, ലോക്കൽ റിസോഴ്സ്

ഉപയോഗിക്കൽ, ICT യിലൂടെ ഉചിതമായ ക്ലാസുകൾ നിരീക്ഷണ വിധേയമാക്കൽ, ICT സാധ്യതയോടുകൂടിയ എസ് എസ് ലാബ് എന്ന സംരംഭം വിദ്യാലയ വികസന സമിതിയിൽ അവതരിപ്പിക്കൽ, സാമൂഹിക പിന്തുണയോടെയുള്ള പ്രവർത്തനങ്ങൾ, ലാബിൽ ഉണ്ടാക്കേണ്ട വിഭവങ്ങൾ ലിസ്റ്റ് ചെയ്യൽ (ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ട, വാങ്ങേണ്ടവ) പഴയകാല ഉപകരണങ്ങളും നിർമ്മാണത്തിന് ആവശ്യമായ ചെലവ് കുറഞ്ഞ ഉൽപ്പന്നങ്ങൾ ശേഖരിക്കൽ, പഴയ നാണയങ്ങൾ, കറൻസികൾ എന്നിവ ശേഖരിക്കൽ, ഐസിടി പ്രവർത്തനമാതൃകകൾ

ICT വിഷയവുമായി ബന്ധപ്പെടുത്തി എങ്ങനെ ഉപയോഗിക്കാം എന്ന് എസ് ആർ ജിയിൽ ചർച്ച, ഡ്രൈ ഔട്ട്.

ഫീൽഡ് ട്രിപ്പ്- പ്രകൃതിക്ഷോഭം ഉണ്ടായ സ്ഥലം സന്ദർശിക്കൽ, ദുരന്തങ്ങൾ ഉണ്ടായ പ്രദേശങ്ങളുടെ സിഡി പ്രദർശനം.

ചിത്രപ്രദർശനം -

ചിത്രങ്ങൾ സ്കിറ്റ് നാടകങ്ങൾ കഥകൾ കുട്ടികളുടെ രചന ചരിത്രമാരകന്മാരുടെ ചിത്രങ്ങൾ മഹത് വചനങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.

CWSN കുട്ടികളെ പരിഗണിക്കൽ.

> സാമൂഹ്യശാസ്ത്ര മൂലയിൽ ക്രമീകരിച്ചിട്ടുള്ള ക്രമീകരിക്കാനുള്ള മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ.

> ഒഴിവ് ദിനങ്ങളിൽ പഠനോത്സവം സംഘടിപ്പിക്കൽ.

> ലഹരി വിരുദ്ധ മനോഭാവം, മദ്യം പുകയില മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം പുതുതലമുറയുടെ ആരോഗ്യം തകർക്കുന്നു എന്ന തിരിച്ചറിവ് കുട്ടികൾക്ക് നൽകാനായി ലഘുകുറിപ്പുകൾ ദൃശ്യങ്ങൾ എന്നിവ തയ്യാറാക്കുക.

## ആവശ്യമായ ഭൗതിക സൗകര്യങ്ങൾ

സാമൂഹ്യശാസ്ത്ര ലാബ്, സാമൂഹ്യശാസ്ത്ര പുസ്തകങ്ങൾ, ഭൂപടങ്ങൾ, അറ്റ്ലസ്, ഗ്ലോബുകൾ, ഐസിടി അധിഷ്ഠിത ക്ലാസ് റൂം, പഴയകാല ഉപകരണങ്ങൾ, പഴയ നാണയങ്ങൾ, കറൻസികൾ, ഉപകരണങ്ങൾ, കേരളം, ഇന്ത്യ, കേരള ഭൂപടം, ഗ്ലോബ്, പരിചയപ്പെടുത്തൽ.

## പ്രവർത്തനപദ്ധതി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക ചരിത്ര പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും**<br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു വയൽക്കിളികൾ സമൂഹ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കിയ പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ**<br>സ്കൂൾ പാർലമെൻറ് മോക്ക് പാർലമെൻറ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ-നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്**<br>സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ - സർവ്വേ**<br>പ്രോജക്ട് ചർച്ചകൾ സംവാദം ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ഭൂപട വായന കുട്ടികളിൽ വളർത്തുക, തലനിർണയം | **പട്ടുപാതയിലൂടെ**<br>ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്നു. അറ്റ്ലസ്, | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| നടത്തുവാൻ പഠിക്കുക, എന്ന ലക്ഷ്യം കൈവരിക്കുക. | മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | **മൈ സിനിമാ റൂം**<br>സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം മേഖല പരിപോഷിപ്പിക്കുന്ന കേസുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക വീഡിയോ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | **ചരിത്രകൊട്ടാരം**<br>വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാഭുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## <u>സ്റ്റാൻേർഡ് (VIII - X)</u>

## മേഖല – സയൻസ് (HS)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **1)അത്ഭുത കണ്ണിലൂടെ** കൗതുകം, ജിജ്ഞാസ, | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |

| | | | |
|---|---|---|---|
| നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം.<br><br>ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്തു മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| **2)ശാസ്ത്രലോകത്തേക്ക്** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്ന | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br><br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>1 തവണ<br><br>1 തവണ | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ |
| **3)ഹൈടെക് വേൾഡ്** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം.<br><br>ശാസ്ത്ര ലാബ്, ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| **4)ആയുർ രേഖ** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു.<br><br>തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ.<br>സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് . | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ് ഹരിത സേന സീഡ് |

| | | | |
|---|---|---|---|
| **5)വൈജ്ഞാനിക ബഹുരണം** അന്വേഷണ ത്വഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്സ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br>ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് |

## സ്റ്റാന്റേർഡ് (VIII - X)

## മേഖല – ഗണിതം (HS)

### പ്രവർത്തനം 1 : പ്രീ-ടെസ്റ്റ്

### ലക്ഷ്യം

8 9 10 ക്ലാസുകളിലെ കുട്ടികൾക്ക് ഗണിതത്തിലെ അടിസ്ഥാനശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്.

| പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലയളവ് |
|---|---|---|
| (i) ഒന്നു മുതൽ ഏഴാം ക്ലാസ് വരെ കുട്ടികൾ നേടേണ്ട അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുക.<br>(ii) ചോദ്യാവലി തയ്യാറാക്കുക.<br>(iii) പ്രീ ടെസ്റ്റ് നടത്തുക.<br>(iv) മൂല്യനിർണയം നടത്തി ഫലം ക്രോഡീകരിക്കുക. | വിഷയ സമിതി | മെയ് അവസാന വാരം - ജൂൺ ആദ്യവാരം |

| | | |
|---|---|---|
| (v) റിപ്പോർട്ട് തയ്യാറാക്കിയ ഫലം അവലോകനം ചെയ്യുക. | | |

## പ്രവർത്തനം 2 : ഒപ്പത്തിനൊപ്പം (പരിഹാരബോധനം)

### ലക്ഷ്യം

കുട്ടികൾക്ക് താഴ്ന്ന ക്ലാസിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണ ഉണ്ടാക്കുന്നതിന്.

| പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലയളവ് |
|---|---|---|
| (i) ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള അടിസ്ഥാനശേഷികൾ പട്ടികപ്പെടുത്തുക.<br>(ii) പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുക.<br>(iii) പ്രവർത്തനങ്ങൾ വിനിമയം ചെയ്യുക. | വിഷയ സമിതി | ജൂൺ രണ്ടാം വാരം |

## പ്രവർത്തനം 3 : ഗണിത ക്ലിനിക്ക്

### ലക്ഷ്യം

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുക.

| പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലയളവ് |
|---|---|---|
| (i) പ്രീ ടെസ്റ്റ് അവലോകനത്തിന്റെ അടിസ്ഥാനത്തിൽ മികച്ച കുട്ടികളെ കണ്ടെത്തുന്നു.<br>(ii) കുട്ടികളുടെയും അധ്യാപകരുടെയും കൂട്ടായ്മയിൽ ഗണിത ക്ലിനിക്ക് രൂപീകരിക്കുന്നു .<br>(iii) ഗണിത ഗണിത ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ എല്ലാ പാഠഭാഗങ്ങൾക്കുമായി ആസൂത്രണം ചെയ്യുന്നു. | വിഷയ സമിതി<br><br>ഗണിത അദ്ധ്യാപകർ | ജൂൺ രണ്ടാം വാരം |

## പ്രവർത്തനം 4 : പാഠാസൂത്രണം

### ലക്ഷ്യം

എല്ലാ കുട്ടികളുടെയും പഠന പങ്കാളിത്തവും എല്ലാവർക്കും പഠനം നേട്ടവും ഉറപ്പാക്കുക.

| പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലയളവ് |
|---|---|---|
| (i) ഓരോ പാഠഭാഗത്തിലെയും ആശയങ്ങൾ പട്ടികപ്പെടുത്തുക.<br>(ii) കഐസിടി സാധ്യതകൾ പട്ടികപ്പെടുത്തുക.<br>(iii) പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്ത് പഠനോപകരണങ്ങൾ നിർമ്മിക്കുക.<br>(iv) പ്രവർത്തനങ്ങൾ വിനിമയം ചെയ്യുക | വിഷയ സമിതി<br><br>ഗണിത അദ്ധ്യാപകർ | അക്കാദമിക വർഷം |

## പ്രവർത്തനം 5 : ഗണിത ക്ലബ്ബ്

### ലക്ഷ്യം

കുട്ടികളിൽ ഗണിത ആഭിമുഖ്യം വളർത്തുന്നതിനും ഗണിതം നിത്യജീവിതവുമായി ബന്ധിപ്പിക്കുന്നതിനും എല്ലാ കുട്ടികൾക്കും അവസരം ഉണ്ടാക്കുക.

| പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലയളവ് |
|---|---|---|
| (i) ഗണിത ക്ലബ്ബ് രൂപീകരണം.<br>(ii) ഗണിത ക്ലബ്ബ് പ്രവർത്തനത്തിനുള്ള വാർഷിക കലണ്ടർ തയ്യാറാക്കുക. ആശയങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുക പട്ടികപ്പെടുത്തുക. | വിഷയ സമിതി<br><br>ഗണിത അദ്ധ്യാ | അക്കാദമിക വർഷം |

| | | |
|---|---|---|
| (iii) ഗണിത പ്രോജക്ടുകൾ ദിനാചരണങ്ങൾ സെമിനാറുകൾ പ്രശ്നോത്തരികൾ എന്നിവ സംഘടിപ്പിക്കുന്നു. | പകർ | |

## പ്രവർത്തനം 6 : പഠനോപകരണ ശില്പശാല

### ലക്ഷ്യം

പഠിക്കുന്ന ആശയങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തുന്നതിനും എന്തിനാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തിയും ഗണിത പഠനത്തിലെ വിരസത ഒഴിവാക്കി കുട്ടികളിൽ താൽപര്യം ഉണ്ടാക്കുക.

| പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലയളവ് |
|---|---|---|
| (i) ഓരോ പാഠഭാഗത്തിലെയും ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ പട്ടികപ്പെടുത്തുക.<br>(ii) പഠനോപകരണങ്ങൾ നിർമ്മിക്കുക.<br>(iii) ഗണിത മേളയ്ക്ക് തയ്യാറാക്കൽ<br>(iii) പഠനോപകരണങ്ങൾ ഫലപ്രദമായി ക്ലാസ് മുറിയിൽ വിനിമയം ചെയ്യുക. | വിഷയ സമിതി<br><br>ഗണിത അദ്ധ്യാപകർ | അക്കാദമിക വർഷം |

## പ്രവർത്തനം 7 : ഗണിത ലൈബ്രറി

### ലക്ഷ്യം

കുട്ടികൾക്ക് ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുക സ്വയം പഠനം സംഘപഠനം എന്നിവ പ്രോത്സാഹിപ്പിക്കുക.

| പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലയളവ് |
|---|---|---|

| | | |
|---|---|---|
| (i) ഗണിത പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കുക.<br><br>(ii) ഗണിത ക്ലബ്ബിലെ അംഗങ്ങളെ ഉൾപ്പെടുത്തി പുസ്തകങ്ങൾ സമാഹരിക്കുക. | വിഷയ സമിതി | അക്കാദമിക വർഷം<br><br>ആവശ്യാനുസരണം |

## പ്രവർത്തനം 8 : ഗണിത ലാബ് സജ്ജീകരിക്കൽ

### ലക്ഷ്യം

ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ.

| പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലയളവ് |
|---|---|---|
| (i) വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ.<br><br>(ii) ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | വിഷയ സമിതി | ആവശ്യാനുസരണം |

## പ്രവർത്തനം 9 : ഗണിത പാർക്ക്

### ലക്ഷ്യം

ഗണിതം മധുരതരമാക്കൽ.

| പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലയളവ് |
|---|---|---|
| ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ | PTA,<br>വിഷയ | ആവശ്യാനു |

| | | |
|---|---|---|
| മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | സമിതി, ഗണി ക്ലബ്ബ് | സരണം |

# ഉപസംഹാരം

**ഒത്തുപിടിച്ചാൽ മലയും പോരും എന്നാണ് പഴമൊഴി.
സമൂഹത്തിന്റെ ഒരു പരിച്ഛേദമായ വിദ്യാലയത്തെ
സമൂഹം ഒറ്റക്കെട്ടായി നിന്ന് മുന്നോട്ട് നയിക്കണം.
ഓരോരുത്തർക്കും അവരുടേതായ ഒരു പങ്ക് വഹിക്കാനുണ്ട്.
അത് നിറവേറ്റാൻ കഴിഞ്ഞാൽ മഹത്തായ ലക്ഷ്യങ്ങൾ
കൈപ്പിടിയിലൊതുക്കാൻ കഴിയും.
പണയിൽ സ്കൂളിന്റെ സമഗ്രവികസനം ലക്ഷ്യം വച്ച് കൊണ്ടാണ്,
പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി,
ഈ അക്കാദമിക മാസ്റ്റർപ്ലാൻ –
സ്വപ്നക്കൂട്** 25 **തയ്യാറാക്കിയിരിക്കുന്നത്.
ഈ പൊതുവിദ്യാലയം വരും കൊല്ലങ്ങളിൽ ഈ
പ്രദേശത്തെ ഏറ്റവും മികച്ച വിദ്യാലയമായി പരിലസിക്കട്ടെ.
ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന് ആധാരമായിത്തീരട്ടെ.**

ജി.എച്ച്.എസ്. പണയിൽ
ആലുമ്മൂട്, പെരിനാട്,
കൊല്ലം - 691601